സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

SUVISESHA DHWANI

# സുവിശേഷ ധ്വനി

2016 മെയ് 21

Suvisesha Dhwani Fortnightly Reg. No. RN. 29475/1978 Vol. 38 Issue 21

പുസ്തകം 38 ലക്കം 21 പേജ് 6

# തണുപ്പിക്കുന്നവർ...

**ജോൺസൺ ജോർജ്ജ്, സെക്കന്തരബാദ്**

'**കൊ**ടും ചൂടിൽ കേരളം വെന്തുരുകുന്നു' എന്ന പത്രവാർത്ത കഴിഞ്ഞ ദിവസങ്ങളിൽ ജനശ്രദ്ധ നേടിയിരുന്നു. ഈ ലേഖകൻ താമസിക്കുന്ന ഹൈദ്രബാദ് ഉൾപ്പെടുന്ന തെലുങ്കാന സംസ്ഥാനത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഇതിനോടകം കടുത്ത സൂര്യാഘാതത്തിൽ ഇരുനൂറിലധികം ആളുകൾ മരണപ്പെട്ടതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. കഴിഞ്ഞ മുപ്പതു വർഷത്തിൽ ഇത്രയധികം ചൂട് ആദ്യമായിട്ടാണ് അനുഭവപ്പെടുന്നത്. കൊടും ചൂടിൽ നിന്നും ജനങ്ങളെ രക്ഷിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു തുടങ്ങി. മധ്യവേനലവധി ആഴ്ചകൾക്കു മുൻപ് നൽകി സ്കൂളുകൾ അടച്ചുപൂട്ടി. പതിനൊന്നു മണി മുതൽ നാലു മണി വരെ കൃഷിസ്ഥലങ്ങൾ തുടങ്ങി വെളിപ്രദേശങ്ങളിൽ പണി ചെയ്യുന്നത് നിരോധിച്ചു. കവലകളിലും ബസ്സ്റ്റോപ്പുകളിലും മറ്റും തണ്ണീർ പന്തലുകൾ ക്രമീകരിച്ച് സൗജന്യമായി ശീതളപാനീയങ്ങൾ വിതരണം ചെയ്തു തുടങ്ങി. ചുട്ടുപൊള്ളുന്ന ചൂടിൽ നിന്നും അല്പം ആശ്വാസം ലഭിക്കുവാനും ദാഹം തീർക്കുവാനുമായി വഴിയാത്രക്കാർ തിരക്കു കൂട്ടുന്നത് കാണാം. വഴിയോരങ്ങളിൽ കുന്നു കൂട്ടിയിട്ടിരിക്കുന്ന തണ്ണിമത്തൻ കണ്ണിനു മാത്രമല്ല ശരീരത്തിനും കുളിർമ നൽകുന്നു.

വേദപുസ്തകത്തിൽ കളിർമ നൽകുന്ന അഥവാ 'തണുപ്പിക്കുന്ന' വിശ്വാസികളെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവർ സഹ വിശ്വാസികളുടെയും സഹജീവികളുടെയും ഹൃദയത്തെ തണുപ്പിക്കുന്നവരാണ്. "വിശുദ്ധന്മാരുടെ ഹൃദയം നീ തണുപ്പിച്ചതു നിമിത്തം നിന്റെ സ്നേഹത്തിൽ എനിക്ക് വളരെ സന്തോഷവും ആശ്വാസവും ഉണ്ടായി... എന്റെ ഹൃദയം തണുപ്പിക്കുക...." (ഫിലേ. 7, 20).

അപ്പൊസ്തലനായ പൗലോസ് ഫിലേമോന് ഒനേസിമോസ് വശം കൊടുത്തുവിട്ട ലേഖനത്തിലെ വാക്യമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ഫിലോമോൻ ധനികനായ ഒരു വിശ്വാസിയായിരുന്നു. തനിക്ക് ധാരാളം ദാസന്മാർ ഉണ്ടായിരുന്നതായി നമുക്ക് മനസ്സിലാക്കാം. എന്നാൽ ഒരു ഉത്തമ ക്രിസ്തീയ വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ട ആത്മിക മൂല്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ കാണുവാൻ കഴിയും. സഹവിശ്വാസികളുടെ ഹൃദയത്തെ തണുപ്പിക്കുക അഥവാ മറ്റുള്ളവർക്ക് ആശ്വാസം പകരുക എന്നത് തന്റെ എടുത്തു പറയത്തക്ക ഗുണങ്ങളിൽ ഒന്നായിരുന്നു. ഫിലേമോന്റെ ജീവിതത്തിൽ വിശ്വാസം, സ്നേഹം എന്നീ കാര്യങ്ങളെപ്പറ്റി പരാമർശിച്ചതിനു ശേഷം വിശ്വാസം പ്രവൃത്തിയിൽ കാണിക്കുന്ന ഒരു ക്രിസ്ത്യാനിയെയാണ് പൗലോസ് ചിത്രീകരിക്കുന്നത് (വാ. 4,5).

പൗലോസ് തന്റെ മാനസാന്തരത്തിനു ശേഷം യരുശലേമിലെ സഭയോടു ചേരുവാൻ ആഗ്രഹിച്ചപ്പോൾ, തന്റെ പഴയകാല ജീവിതത്തിലെ തെറ്റുകൾ ഉയർത്തിക്കാട്ടി, സഭാകൂടിവരവിൽ ചേർക്കുവാൻ വിമുഖത കാണിച്ച കാര്യം ഇപ്പോൾ ഓർമ്മിച്ചു കാണും. മാത്രമല്ല, ദൈവം തന്റെ ഹൃദയത്തെ തണുപ്പിക്കുവാൻ ഒരു ബർന്നബാസിനെ ഉപയോഗിച്ചതും തന്റെ മനോമുകുരത്തിൽ കൂടി ഓടിമറഞ്ഞിട്ടുണ്ടാകാം (പ്രവൃ. 9:26,27). ബർന്നബാസ് മർക്കോസിനെ ചേർത്തുകൊണ്ടതും പിന്നീട്, അവൻ തനിക്ക് പ്രയോജനമുള്ളവനായി തീർന്നതും പൗലോസ് മറന്നിട്ടില്ല (2 തിമൊ. 4:11). പൗലോസിന്റെയും സഹവിശ്വാസികളുടെയും മനസ്സ് തണുപ്പിച്ച സ്തെഫാനോസിനെയും കുടുംബത്തെയും പൗലോസ് ശ്ലാഘിക്കുക മാത്രമല്ല, ഇങ്ങനെയുള്ളവരെ മാനിക്കുവാനും ആഹ്വാനം ചെയ്യുന്നു (1 കൊരി. 16:15, 18).

> **സഹവിശ്വാസികളുടെ ഹൃദയത്തെ തണുപ്പിക്കുക അഥവാ മറ്റുള്ളവർക്ക് ആശ്വാസം പകരുക എന്നത് തന്റെ എടുത്തു പറയത്തക്ക ഗുണങ്ങളിൽ ഒന്നായിരുന്നു.**

ഒരിക്കൽ പ്രയോജനമില്ലാതിരുന്ന ഒനേസിമോസ് (വാ. 11), ഓടിപ്പോയ മർക്കോസ്, ദൈവസഭയെ ഉപദ്രവിച്ച പൗലോസ് എന്നിവരെ കർത്താവിനും സഭയ്ക്കും പ്രയോജനമുള്ളവരാക്കി മാറ്റുവാൻ ചിലരെ ദൈവം ഉപയോഗിച്ചതായി തിരുവചനത്തിൽ വായിക്കുന്നു. ഏഴുമടങ്ങ് ചൂടുപിടിപ്പിച്ച തീച്ചൂളയിൽ ദൈവപുരുഷന്മാരെ താങ്ങുവാൻ തണുപ്പിക്കുവാൻ– സാക്ഷാൽ കർത്താവായ യേശുക്രുസ്തു തന്നെ തൂച്ചൂളയിൽ ഇറങ്ങിച്ചെന്നു (ദാനി. 3:24,25). നിരാശയാലും ഭയത്താലും ഓടിപ്പോയി ജീവൻ അനസാനിപ്പിക്കുവാൻ പോലും ആഗ്രഹിച്ച ഏലിയാവിനെ തണുപ്പിക്കുവാൻ ദൈവം ഒരു കാക്കയെയും വിധവയെയും മുൻകൂട്ടി ഒരുക്കിയിരുന്നു. (1 രാജ. 19). യോനയെ തണുപ്പിക്കുവാൻ ഒരു കടൽ തന്നെ ദൈവം ഒരുക്കി– അതിൽ ഒരു മത്സ്യത്തയും! തന്നിൽ നിന്നു ഓടിപ്പോകുന്നവരെ ഉപേക്ഷിച്ച് കളയുന്നവനല്ല നമ്മുടെ ദൈവം, അവരെ മടക്കിക്കൊണ്ടു വരികയും മുൻപിലുള്ളതിനേക്കാൾ അതിശക്തമായി ഉപയോഗിക്കുകയും ചെയ്യുന്നവനാണ്. പത്രോസ് ഇതിന് മറ്റൊരുദാഹരണമാണ്.

ചുട്ടുപൊള്ളുന്ന ജീവിതപ്രശ്നങ്ങളുടെ മധ്യത്തിൽ നട്ടംതിരിയുന്ന എത്രയോ സഹോദരീസഹോദരന്മാർ നമുക്കു ചുറ്റും, അല്ലെങ്കിൽ നമ്മുടെ കൂടിവരവിൽ തന്നെയുണ്ട്. അവരെ തണുപ്പിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നിസ്സാര പ്രശ്നങ്ങളെ ഊതിവീർപ്പിച്ച് വലിയ പ്രശ്നമാക്കി പിളർന്ന എത്രയോ സഭാകൂടിവരവുകൾ, കുടുംബങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഒരു തീപ്പൊരി പെട്ടെന്നു കെടുത്താം. എന്നാൽ വലിയ തീയായി പടർന്നാലോ? അത് വൻനാശത്തിനു കാരണമാകും. സംശയമില്ല!! എരി തീയിൽ എണ്ണ ഒഴിച്ചാൽ വീണ്ടും തീയ് ആളിക്കത്തുന്നതുപോലെയാണ്, സഭ, സംഘടന, കുടുംബങ്ങൾ എന്നിവയിലുണ്ടാകുന്ന പ്രശ്നങ്ങളും. ഇതിന്റെയെല്ലാം മധ്യത്തിൽ 'തണുപ്പിക്കുന്ന' ഒരു വിശ്വാസി, മൂപ്പൻ, സുവിശേഷകൻ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

"ദാഹിക്കുന്നവനെ നമുക്കു തണുപ്പിക്കാം" കാരണം, "തണുപ്പിക്കുന്നവന് തണുപ്പു കിട്ടും" (യിരെ. 31:25, സദൃശ. 11:25)

ഒരുങ്ങുവിൻ! പ്രാർത്ഥിപ്പിൻ!! വന്നുചേരുവിൻ!!!

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് – 2016

**സയൺ പബ്ലിക്ക് സ്കൂൾ,** സയൺ നഗർ,സ്വരാജ്, കട്ടപ്പന

*(കട്ടപ്പനയിൽ നിന്നും കോട്ടയം റൂട്ടിൽ 10 കി.മീ. ദൂരം മാത്രം.)*

**2016 സെപ്റ്റംബർ 12 തിങ്കൾ മുതൽ 16 വെള്ളി വരെ**

*(ഓണം അവധിക്കാലത്ത് – എല്ലാം ഗവ. അവധി ദിവസങ്ങൾ)*

*പ്രധാന ലീഡേഴ്സ് :*

**ജോർജ്ജ് മാത്യു – മഹാരാഷ്ട്ര**
**ഡാനിയേൽ വറുഗീസ് – പുനലൂർ**
**ബിജു ആലടി – ഇടുക്കി**
**ജോർജ്ജ് കോശി – മൈലപ്ര**

*കൂടുതൽ വിവരങ്ങൾക്ക് :*
*സ്റ്റാൻലി ഏബ്രഹാം*
*ജനറൽ സെക്രട്ടറി*
*(9388281162)*

**ബംഗാൾ കാമ്പയിൻ – ഡാർജലിങ്ങ്**

**രാജൻ വി. തോമസ്, കോഴഞ്ചേരി**

# ബംഗാളിലെ വിളഞ്ഞ വയലുകളിലൂടെ...

**ഡാ**ർജലിങ്ങ് ജില്ലയിലെ പ്രവർത്തനങ്ങൾക്കായി തൃശൂരിൽ നിന്നും ബ്രദർ എം.സി. ജോർജ് കേരളത്തിൽ നിന്നുമുള്ള സഹോദരന്മാരായ രാജൻ വി. തോമസ് കോഴഞ്ചേരി, ബിനു റ്റി.എ. മരോട്ടിച്ചാൽ എന്നിവരെ റെയിൽവേസ്റ്റേഷനിൽ നിന്നും പ്രാർത്ഥിച്ചയച്ചു. ക്ഷേമമായി ഞങ്ങൾ എത്തുകയും അവിടെ പ്രവർത്തിച്ച സഹോദരന്മാരായ മനോജ് കെ.യൂ. കണ്ണൂർ, ഡേവി പി.എ. നെല്ലിക്കുന്ന് എന്നിവർ നാട്ടിലേക്ക് മടങ്ങുകയും ചെയ്തു. തദ്ദേശികളായ സുർജിത്ത് ബസുമത, മോഹൻസന, തിമത്തികുളൂർ, ആനി മേഷ് എന്നീ സഹോദരന്മാർ ഒരുമിച്ചു പ്രാരംഭ ദിവസങ്ങളിൽ സഹോദരൻ ബില്ലി പി. ജേക്കബിന്റെ നേതൃത്വത്തിൽ സുവിശേഷത്തിനു സാക്ഷ്യം വഹിച്ചു. റാണിഡംഗ, ഹൈദർ പറ, ജ്യോതിനഗർ എന്നിവിടങ്ങളിൽ ചെയ്ത പ്രവർത്തനം അനേകർക്കു സുവിശേഷം കേൾക്കുവാനും ചെറുപുസ്തകങ്ങളും ബൈബിളുകളും വാങ്ങുവാനും കഴിഞ്ഞിട്ടുണ്ട്.

> **നിശ്ചിന്ത് ഗ്രാമത്തിലുള്ള പത്രോസ് മുണ്ടേ, ശമുവേൽ മുണ്ടേ എന്നീ രണ്ടു പേർ പറഞ്ഞതു നിങ്ങൾ കൂടെക്കൂടെ ഈ ഗ്രാമത്തിൽ വന്നു ഈ വിഷയം പ്രസംഗിക്കണം എന്നാണ്. അവർ "പരമേശ്വർ ദയാകർ" എന്നു നിലവിളിച്ചു ഉച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു.**

ഹൈദർപറയിലുള്ള ദൈവമക്കളുമായി ആരാധിച്ചശേഷം മലമടക്കുകൾ നിറഞ്ഞ ഡാർജലിങ്ങിലെ മിറിക്ക് എന്ന സ്ഥലത്തു ഞങ്ങൾ വേല ആരംഭിച്ചു. സുവിശേഷകൻ താസിലാമ കുടുംബമായി താമസിച്ചു ഈ പ്രദേശങ്ങളിൽ കർത്തൃശുശ്രൂഷയിൽ വ്യാപൃതനായിരിക്കുന്നു. ഞങ്ങൾ പ്രവർത്തിക്കുമ്പോൾ ശക്തമായ തണുപ്പും ജലദൗർലഭ്യവും അല്പം ബുദ്ധിമുട്ടുണ്ടാക്കി എങ്കിലും വേലയ്ക്കു തടസ്സമുണ്ടായില്ല. ജനസംഖ്യ കുറവുള്ള ഈ പ്രദേശത്തെ വഴികൾ ഇടുങ്ങിയതും വളവും തിരിവും ഏറെ ഉള്ളതെങ്കിലും വാഹനവുമായി പോയി വരുവാൻ ദൈവം ധാരാളം കൃപ തന്നു. കുത്തനെയുള്ള റോഡും താഴ്വാരവും കാണുമ്പോൾ തന്നെ അല്പമെങ്കിലും ഭീതി ഇല്ലാതെ വന്നിട്ടില്ല. ദൈവമക്കളുടെ ശ്രദ്ധയേറിയ പ്രാർത്ഥനയുടെ കരുതലുകൾ

▶2

വാളകം യൂണിറ്റ്

## ഏകദിന സമ്മേളനം

**പെരുമ്പാവൂർ ബ്രദറൺ അസംബ്ലി ഹാൾ**
**2016 മെയ് 28 ശനി രാവിലെ 9.30 – 1.30 വരെ**

**സാമുവേൽ പി ഏബ്രഹാം (കോട്ടേകുളം) ക്ലാസ്സുകൾ നയിക്കുന്നു.**

**2016–17 ലേക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഈ സമ്മേളനത്തിൽ വച്ച് നടക്കുന്നതാണ്.**

*വി.വി. ജോസ്, സെക്രട്ടറി (9747486845)*



**"പരസ്യയോഗം കൊണ്ട് ആരെങ്കിലും രക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നു ചിന്തിക്കേണ്ടതില്ല. എന്റെ കർത്താവ് എന്നെ രക്ഷിച്ചു എന്ന് അനുഭവ സാക്ഷ്യം പരസ്യസ്ഥലത്തു നിന്ന് പറയുന്നത് പറയുന്ന വിശ്വാസിക്ക് വളരെ ആത്മ ചൈതന്യം ഉളവാക്കുന്ന കാര്യമാണ്."**

*പേജ് 4*



### ഉൾപ്പേജുകളിൽ


- എഡിറ്റോറിയൽ 2
- പ്രായോഗികം 3
- വന്നവഴികൾ 4
- ബൈബിൾക്വിസ്/വിചിന്തനം 5
- ചിന്ത/വാർത്തകൾ 6

**SUVISESHA DHWANI**
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2016 മെയ് 21 / പുസ്തകം 38, ലക്കം 21

എഡിറ്റോറിയൽ

# ശരിയായ സമയത്ത് തീരുമാനം

**നാം** നമ്മെത്തന്നെ തിരിച്ചറിയുന്നതാണ് ഏറ്റവും വലിയ അറിവ്. "നമ്മുടെ കുറവുകളെ മനസ്സിലാക്കുക. അതാണ് പുരോഗതിക്കുള്ള വലിയ മാർഗ്ഗം." (മഹാത്മാഗാന്ധി). ഞാൻ ആരാണ്, എനിക്ക് എന്തു കഴിവുകൾ ഉണ്ട്, എന്നിലൂടെ വലിയ കാര്യങ്ങൾ സാധിക്കുമോ എന്നിങ്ങനെയുള്ള ആശങ്കകൾ നമ്മിൽ ഉണ്ട്. എന്നാൽ നമ്മുടെ കഴിവുകളെ വിലയിരുത്തി, കാര്യങ്ങളെ മനസ്സിലാക്കി ഏർപ്പെടുമ്പോൾ ആ പ്രവൃത്തികൾ വിജയകരമായി തീർന്നേക്കാം. മറ്റുള്ളവരുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മുടേത് കുറവുള്ളതായി തോന്നിയെന്നുവരാം. സാരമില്ല, കാരണം നമ്മെക്കൊണ്ട് അത്രയും മാത്രമാണ് കർത്താവ് ഉദ്ദേശിക്കുന്നത്. നമ്മുടെ സ്വയനീതിയിൽ നാം ആശ്രയിക്കരുത്.

ഒരിക്കൽ ഒരു സുവിശേഷപ്രസംഗം കേട്ടപ്പോൾ ഒരു ഇന്ത്യാക്കാരനും, വെള്ളക്കാരനും ഒരു പോലെ ഉണർത്തപ്പെട്ടു. എന്നാൽ ഇന്ത്യാക്കാരൻ ഉടൻതന്നെ കർത്താവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിച്ചു. എന്നാൽ വെള്ളക്കാരന് കുറെ കാലം വേണ്ടി വന്നു. വെള്ളക്കാരൻ അത്ഭുതപ്പെട്ട് ഇന്ത്യാക്കാരനോടു ചോദിച്ചു, അതിന് ഇന്ത്യാക്കാരൻ ഒരു ദൃഷ്ടാന്തമാണ് പറഞ്ഞത്: "ബ്രദർ, ഒരിക്കൽ ഒരു പ്രഭു നമുക്ക് രണ്ടാൾക്കും ഓരോ കോട്ട് സമ്മാനിക്കുവാൻ തീരുമാനിച്ചു. എന്റെ വസ്ത്രം കീറിയതും, മലിനവും ആയിരുന്നു. അതിനാൽ ഞാൻ വേഗത്തിൽ ആ നല്ല പുത്തൻ കോട്ട് സ്വീകരിച്ചു. നിങ്ങളുടെ വസ്ത്രം അല്പം നല്ലതായി താങ്കൾക്ക് തോന്നിയതിനാൽ പ്രഭുവിന്റെ കോട്ട് വാങ്ങുവാൻ അത്ര താല്പര്യം കാണിച്ചില്ല. നിങ്ങൾ തലകുലുക്കി തന്റെ വസ്ത്രത്തെ കുറിച്ച് അഭിമാനിക്കുകയും പ്രഭു തന്ന വസ്ത്രത്തെ നിരാകരിക്കുകയും ചെയ്തു. എനിക്ക് എന്നിൽ തന്നെ യാതൊരു യോഗ്യതയും ഇല്ലായെന്ന് ബോധ്യമായതിനാൽ ഞാൻ ഉടനെ ആ കോട്ടിനെ അംഗീകരിച്ചു. നിങ്ങൾ അങ്ങനെ ചെയ്യാത്തതാണ് അതിനു കാരണം."

> **ആത്മരക്ഷ സൗജന്യമാണ്; സ്വയ നീതിയിൽ ആശ്രയിക്കരുത്.**

മനുഷ്യർ ജന്മനാൽ പാപികളാണ്. കർമ്മംകൊണ്ട് അവർ അതിന്റെ വിശാലതയിലേക്ക് എത്തിച്ചേരുന്നു. കുറെ കഴിയുമ്പോൾ പാപത്തിന്റെ കുഴിയിൽ നിന്ന് രക്ഷ പ്രാപിപ്പാൻ ശ്രമിക്കുന്നു. സ്വന്ത പ്രയത്നം കൊണ്ട് രക്ഷപെടാൻ അധ്വാനിക്കുന്നു. എന്നാൽ പാപക്കുഴിയിൽ നിന്നും, പാപത്തിന്റെ ബന്ധനത്തിൽ നിന്നും രക്ഷപെടുവാൻ മനുഷ്യൻ തന്റെ സ്വന്ത നീതിയിൽ ആശ്രയിക്കുന്നു. സ്വന്ത നീതിയാലും പുണ്യപ്രവൃത്തികളാലും രക്ഷയുടെ വസ്ത്രം നെയ്ത് എടുക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ദൈവം ഒരുക്കിയ സൗജന്യമായ ആത്മരക്ഷയുടെ വസ്ത്രം സ്വീകരിക്കുവാൻ അവന് പെട്ടെന്ന് സാധ്യമല്ലായിരുന്നു. ആ വെള്ളക്കാരന് പറ്റിയ അതേ അമളി ഇന്നും അനേകർക്കും സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇതാണ് ഏദനിലും ആദ്യമാതാപിതാക്കൾക്കും സംഭവിച്ചത്. അവരുടെ നഗ്നത മറയ്ക്കുവാൻ യുക്തിപരമായി അവർ ക്രമീകരിച്ച അത്തിയിലയുടെ വസ്ത്രത്തിന് സാധിച്ചില്ല. അത് മനസ്സിലാക്കിയ ദൈവം അവർക്ക് ഓരോ പുതിയ കോട്ട് തന്നെ കൊടുത്തു - അത് ഇന്ത്യാക്കാരൻ ചെയ്തതുപോലെ പെട്ടെന്ന് വാങ്ങി ധരിച്ചു. അവർ ഒരു കാര്യം മനസ്സിലാക്കി, ദൈവത്തിന്റെ മുമ്പാകെ നിൽപ്പാൻ അവർക്ക് ഒരു യോഗ്യതയും ഇല്ലായെന്ന്. ആത്മരക്ഷ സൗജന്യമാണ്. അത് ദൈവം തന്റെ പുത്രന്റെ നിഷ്കളങ്കമായ രക്തത്താൽ കാൽവറിയിൽ രൂപകല്പന ചെയ്തതാണ്. നമ്മുടെ മതങ്ങൾ പറയുന്ന സ്വയനീതിയുടെ വസ്ത്രങ്ങൾ അതിന് പകരം ആകയില്ല. ആകയാൽ രക്ഷയുടെ വസ്ത്രം സ്വീകരിച്ചവർ ഭാഗ്യവാന്മാർ. അല്ലാത്തവർ ഒടുവിൽ ദുഃഖിക്കേണ്ടിവരും. നിങ്ങൾ രക്ഷാവസ്ത്രം സ്വീകരിച്ചുവോ? അതോ, പിന്നീടാകട്ടെ എന്നു നിശ്ചയിച്ചിരിക്കുകയാണോ? ചിന്തിക്കുക; ശരിയായ തീരുമാനത്തിലേക്കു വരിക.

**ടി.വി. സൈമൺ**

▶

ഓരോ ദിവസവും അനുഭവിച്ചറിയുവാൻ കഴിഞ്ഞിട്ടുണ്ട്. അംബരചുംബിയായ മലകളിൽ നിന്നും പെയ്തിറങ്ങിയ ഹിമവർഷങ്ങൾ ഞങ്ങൾക്ക് അനുഗ്രഹത്തിന്റെ ആത്മമാരിയായി അനുഭവപ്പെട്ടു. ഇവിടെ നടക്കുന്ന തെരഞ്ഞെടുപ്പു നിമിത്തം മൈക്കുപയോഗിച്ചു പ്രവർത്തിക്കുവാൻ കഴിയാതെ വന്നെങ്കിലും എല്ലാ വീടുകളിലും പോയി വ്യക്തിപരമായി സുവിശേഷം പറയുവാൻ കഴിഞ്ഞിട്ടുണ്ട്. ഒ.കെ. ടീ എസ്റ്റേറ്റിൽ പോയി വചനം അറിയിച്ചപ്പോൾ അനുതമം എന്ന ഒരു സഹോദരി കൂടുതൽ വചനം അറിയുവാൻ താത്പര്യം കാണിച്ചു. തന്റെ ഭവനത്തിലേക്കു ഞങ്ങളെ ക്ഷണിച്ചു. ആതിഥ്യമരുളി. വചനം വളരെ വ്യക്തമായി അവിടുള്ളവരോട് പങ്കിട്ടുണ്ട്.

നിങ്കാലെ ഗ്രാമത്തിലെ എല്ലാ ജനങ്ങളും ബുദ്ധമത വിശ്വാസികളാണ്. സുവിശേഷം അറിയിച്ചപ്പോൾ എല്ലാവരും വളരെ ശ്രദ്ധയോടുകൂടെ അതു കേട്ടു. ഒരുപക്ഷേ ഇത് ആദ്യമായിട്ടായിരിക്കാം കേട്ടത്. ബസ്മിക് ഗ്രാമത്തിലുള്ള ഒരു ട്രൈബൽ സ്കൂളിലെത്തി കുഞ്ഞുങ്ങളോടു വചനം പങ്കുവെച്ചു. ഹെഡ്മാസ്റ്റർ റോഷൻസൺപിങ്ങ് വീണ്ടും നിങ്ങൾ ഇവിടെ വരണം എന്നാവശ്യപ്പെടുകയുണ്ടായി.

നമ്മുടെ വിശ്വാസികൾ ഇല്ലാത്ത ഈ സ്ഥലത്തു വാടകയ്ക്കു താമസിച്ചു പ്രവർത്തിക്കുന്ന സുവിശേഷകൻ താസിലാമ തന്നോടൊരുമിച്ച് നിന്നു പ്രവർത്തിക്കാൻ ആരുമില്ലാത്ത പ്രയാസത്തിലാണ്. പ്രിയ സഹോദരന്റെ കരങ്ങളെ ബലപ്പെടുത്തുവാനും ചിലരെയെങ്കിലും വേലയ്ക്കുവേണ്ടി അയയ്ക്കേണ്ടതിനും നമുക്കു ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കാം.

ഇവിടുത്തെ പ്രവർത്തനത്തിനു ശേഷം ടീം റാണിഡംഗയിലേക്കു തിരിച്ചു.

റാണിഡംഗയിൽ നിന്നും അല്പം ദൂരെയുള്ള ഗ്രാമത്തിൽ പ്രവർത്തിക്കുവാൻ ദൈവം സഹായിച്ചു. സുവിശേഷത്തെ സ്വാഗതം ചെയ്തവരാണ് ഏറിയ പങ്കും. വളരെച്ചുരുക്കം പേർ താത്പര്യകുറവുള്ളവരും. ട്രാക്റ്റുകളും ചെറു പുസ്തകങ്ങളും മിക്കപേരും വാങ്ങിയിട്ടുണ്ട്. ഇതു വായിക്കുമ്പോൾ ദൈവാത്മാവു പ്രവർത്തിക്കട്ടെ. വാഹനത്തിന്റെ അടുത്തെത്തി ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണം എന്നു കരഞ്ഞു പറഞ്ഞവരേയും കാണുവാൻ കഴിഞ്ഞു. നിശ്ചിന്ത് ഗ്രാമത്തിലുള്ള പത്രോസ് മുണ്ടേ, ശമുവേൽ മുണ്ടേ എന്നീ രണ്ടു പേർ പറഞ്ഞതു നിങ്ങൾ കൂടെക്കൂടെ ഈ ഗ്രാമത്തിൽ വന്നു ഈ വിഷയം

▶ 4

## സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ

**ഇ.വൈ. ജോസഫ് ജോൺ**



"എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു; എന്റെ കൃതി രാജാവിന് വേണ്ടിയുള്ളത് എന്ന് ഞാൻ പറയുന്നു. എന്റെ നാവ് സമർത്ഥനായ ലേഖകന്റെ എഴുത്തുകോലാകുന്നു."
(സങ്കീ. 45:1)

**എ**ഴുത്തിന്റെ ശക്തി വളരെ വലുതാണ്. അതു മനുഷ്യനെ രൂപാന്തരപ്പെടുത്തുകയോ നശിപ്പിക്കുകയോ ചെയ്യും. എഴുത്തുകോൽ ആരുടെ കൈയ്യിലിരിക്കുന്നു എന്നതിനെ ആശ്രയിച്ചാണു നന്മയും തിന്മയും.

കോരഹ് പുത്രന്മാർ പാടി, "എന്റെ നാവ് സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ" (സങ്കീ. 45:1). നമ്മുടെ നാവ് സമർത്ഥനായ ലേഖകന് എഴുതുവാനുള്ള ഉപകരണം ആയിരിക്കണം. ആരാണ് ഈ സമർത്ഥനായ ലേഖകൻ? ലോകം കണ്ട ഏറ്റവും മഹത്തായ ഗ്രന്ഥത്തിന്റെ ലേഖകൻ തന്നെ. വിശുദ്ധ വേദപുസ്തകത്തിലെ എല്ലാ ലേഖനങ്ങളും ദൈവത്തിന്റേതാണ് (യെശ. 34:16; 2 പത്രോ. 1:21)

ഇന്നും കർത്താവിന് ഈ ഉപകരണം ആവശ്യമാണ്. വലിയവനായ ദൈവം നമ്മുടെ നാവിനെ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ നാവ് ശരിയായ കാര്യങ്ങൾക്ക് ശരിയായി ഉപയോഗിക്കണം. നാവ് ഒരു തീ തന്നെ എന്ന് യാക്കോബ് പറയുന്നു (യാക്കോ. 3:5). ഒരു വലിയ കാടു കത്തിക്കുവാൻ ഒരു തീപ്പൊരി മതി. വ്യാജവർത്തമാനം പരത്തരുത് (പുറ 28:1); അതിലൂടെ നാം കൊളുത്തി വിടുന്ന തീയ് ഉണ്ടാക്കുന്ന നാശത്തിന്റെ അളവ് വളരെ വലുതായിരിക്കാം. പല പ്രശ്നങ്ങൾക്കും കാരണം നമ്മുടെ നാവാണ്. നാവ് മരണകരമായ വിഷം നിറഞ്ഞത് (യാക്കോ. 3:8). വിശ്വാസ ഗോളത്തിൽ ഇന്ന് ഈ മരണകരമായ വിഷം നിറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന്റെ കാരണം നാമാണെങ്കിൽ പ്രിയരെ നമുക്കൊരു കടിഞ്ഞാൺ ആവശ്യമാണ് (യാക്കോ. 3:2, 3). ദാവീദു രാജാവ് പറഞ്ഞു, "ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടു കാക്കും" (സങ്കീ. 39:1) നാവിനു കടിഞ്ഞാണിടാത്തവൻ അഭക്തനാണ് (യാക്കോ. 1:26).

എന്തു പറയണം എന്തു പറയരുത് എന്നു ദൈവവചനം പഠിക്കണം. വികാരം കൊണ്ട് എന്തും വിളിച്ചു കൂവരുത്. വാക്ക് അടക്കിവയ്ക്കുന്നവനാണ് പരിജ്ഞാനമുള്ളവൻ (സദൃശ. 17:27). മറ്റുള്ളവർക്കു വേദനയുണ്ടാക്കുന്ന, മറ്റുള്ളവരെ നശിപ്പിക്കുന്ന വാക്കുകൾ നമ്മുടെ വായിൽ നിന്നു പുറത്തു വരരുത്. അതുകൊണ്ട് ആർക്കും ഒരു പ്രയോജനവും ഇല്ല എന്നറിയണം.

എഫെ. 4:29-ൽ നമ്മുടെ വായിൽ നിന്നു എന്തു പുറപ്പെടണം എന്നും എന്തു പുറപ്പെടരുത് എന്നും നാം വായിക്കുന്നു.

1. എന്തു പുറപ്പെടണം: നല്ല വാക്ക് പുറപ്പെടണം. എന്താണ് നല്ല വാക്ക്? a. കേൾക്കുന്നവർക്കു കൃപ ലഭിക്കണം b. കേൾക്കുന്നവർക്ക് ആത്മിക വർദ്ധന പ്രാപിക്കണം. നമ്മുടെ വാക്കുകൾ ഇങ്ങനെയുള്ളതാണോ? ഒരു വിചിന്തനം നമുക്കാവശ്യമാണ്.

2. എന്തു പുറപ്പെടരുത്? ആകാത്തത് പുറപ്പെടരുത്. നമ്മുടെ ഒരു സഹോദരനു ദോഷം വരുന്നതോ തന്റെ ആത്മീയ ജീവിതത്തെ നശിപ്പിക്കുന്നതോ ആയ യാതൊന്നും നാം പറയരുത്. നമ്മുടെ നാവുകൊണ്ട് മറ്റുള്ളവർക്കു നേരെ നുണപ്രചരണം നടത്തുകയും അവരെ ശപിക്കുകയും ചെയ്തിട്ടു, ഞായറാഴ്ച അതേ നാവു കൊണ്ട് യാതൊരു ഭയവും കൂടാതെ ദൈവത്തെ സ്തുതിക്കുന്നു, സങ്കീർത്തനം വായിക്കുന്നു. ഇത് യോഗ്യമല്ല (യാക്കോ. 3:10 ,11). ദൈവം അതു സ്വീകരിക്കുന്നില്ല എന്ന് നാം അറിയണം. ക്രിസ്തീയ ജീവിതം കേവലം അഭിനയമല്ല (യാക്കോ. 3:12). അഭക്തിയുടെ പ്രദർശനമാണ് കടിഞ്ഞാണില്ലാത്ത നാവ് ദൈവം അതിനു വിരോധമാണ് എന്നു മനസ്സിലാക്കി നാം ഒഴിഞ്ഞിരിക്കണം. അന്യോന്യം വിധിക്കരുത്; സഹോദരന് ഇടർച്ചയോ തടസങ്ങളോ വെക്കാതിരിപ്പാൻ നാം ശ്രദ്ധിക്കണം (റോമ. 14:13).

**നാം എന്താണു പറയേണ്ടത്?**

നമ്മെ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്കു വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിക്കേണം. അതിനായി നമ്മെ തെരഞ്ഞെടുത്തു. ഇതിനായി നമ്മുടെ നാവ് ഉപയോഗിക്കണം. നമ്മുടെ നാവ് നമ്മുടെ വായിലാണ്. ഇഷ്ടം പോലെ അതിനെ ഉപയോഗിക്കുവാൻ ഇന്നു കഴിയുമെങ്കിലും ദൈവസിംഹാസനത്തിന്റെ മുമ്പിൽ നിൽക്കേണ്ടിവരും എന്നത് ഓർത്തിരിക്കുന്നത് നല്ലത് (റോമ. 14:10,12).

നമ്മുടെ വായിലെ പാപവും അധരങ്ങളിലെ വാക്കുകളും നാം പറയുന്ന ശാപവും ഭോഷ്കും നിമിത്തം നമ്മുടെ അഹങ്കാരത്തിൽ നാം പിടിക്കപ്പെടും മറക്കരുത് (സങ്കീ. 59:12). കോരഹ് പുത്രന്മാർ പാടിയതുപോലെ 'നമ്മുടെ നാവ് സമർത്ഥനായ ലേഖകന്റെ എഴുത്തുകോലാക്കി' ഉപയോഗിച്ചാൽ മറ്റുള്ളവർക്കു ആശ്വാസമായിരിക്കും; പ്രയോജനകരമായിരിക്കും. ദൈവത്തെ മറ്റുള്ളവർ അറിയാൻ ഇടയാകും. ദൈവനാമം മഹത്വപ്പെടും. ●

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സാജു പി. സ്റ്റീഫൻ |
| അസോ. എഡിറ്റർ | : | സാമുവൽ തോമസ് |
| മാനേജിംഗ് എഡിറ്റർ | : | സാംസൺ സാമുവൽ |
| സർക്കുലേഷൻ മാനേജർ | : | എ.ഡി. ജെയിംസ് |
| വാർഷിക വരിസംഖ്യ | | |
| ഇന്ത്യയിൽ | : | ₹ 200/- |
| യു. എസ്. എ./കാനഡ | : | $ 100 |
| ഗൾഫ് നാടുകൾ | : | ₹ 2500/- |

വാർത്തകളും രചനകളും ഈ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ അസ്സോസിയേറ്റ് എഡിറ്ററുടെ വിലാസത്തിൽ എത്തിക്കുക.
വരിസംഖ്യയും സംഭാവനകളും മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയക്കുക.
പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.
**ബാങ്ക് വിവരങ്ങൾ :**
Bank of Baroda, Piravom, A/c. No. 25110100001429,
IFSC Code: BARB0PIRVOM
ഡി.ഡി.യും ചെക്കും 'സുവിശേഷധ്വനി' എന്നപേരിൽ മാത്രം അയക്കുക.
email : suviseshadhwani2011@gmail.com

## -: തിരുമൊഴി :-

"പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു."
– 1 കൊരിന്ത്യർ 11:7

ഗോത്രങ്ങൾ തേടി..... 127

(രാജസ്ഥാൻ -7)

# ശൈശവ വിവാഹം


ലക്ഷ്മിക്ക് ഏകദേശം ഒരു വയസ്സു മാത്രം പ്രായം ഉള്ളപ്പോഴാണ് രാകേഷ് എന്ന മൂന്നു വയസ്സുകാരന് അവളെ വിവാഹം ചെയ്തു കൊടുത്തത്. എന്നാൽ തുടർന്നും അവർ രണ്ടു പേരും അവരവരുടെ മാതാപിതാക്കളോടൊത്ത് താമസിച്ചുപോന്നു. രാകേഷിന്റെ മാതാപിതാക്കൾ കടന്നുവന്ന് അവളെ അവകാശപ്പെട്ടപ്പോൾ മാത്രമാണ് താൻ വിവാഹിതയാണ് എന്ന് അവൾക്ക് ബോധ്യമായത്. 'ഈ വിഷയത്തിൽ ഞാൻ വളരെ നിരാശ ഉള്ളവളായി. എന്റെ മാതാപിതാക്കളെ ഞാൻ ഈ വിഷയത്തിലുള്ള നീരസം അറിയിച്ചു. എന്നാൽ അവർ എന്നോട് യോജിച്ചില്ല" ഇപ്പോൾ പതിനെട്ടു വയസ്സ് പ്രായമുള്ള ലക്ഷ്മി പറയുന്നു. അവൾ വളരെ നിരാശയും ഉത്കണ്ഠയും ഉള്ളവളായി തീർന്നപ്പോൾ ഒരു സർക്കാർ ഇതര സംഘടനയുടെ സഹായം അഭ്യർത്ഥിച്ചു. രാകേഷ് ഈ വിവാഹ ജീവിതം തുടരുവാൻ ആഗ്രഹിച്ചെങ്കിലും ആ സംഘടനയുടെ ഉദ്യോഗസ്ഥരുടെ ഉപദേശം അവന്റെ മനസ്സലിയിച്ചു.

ശൈശവവിവാഹം ഇന്ത്യയിൽ നിയമപരമല്ലെങ്കിലും രാജ്യത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ഗ്രാമങ്ങളിലും പിന്നാക്ക ജനവിഭാഗങ്ങളുടെ ഇടയിലും സർവ്വസാധാരണമായി തുടരുന്നു. ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് രാജസ്ഥാനിൽ 68% പെൺകുട്ടികളും 18 വയസ്സ് തികയുന്നതിനു മുമ്പ് വിവാഹിതരാകുന്നു. ഭൂരിപക്ഷം ആൺകുട്ടികളും പെൺകുട്ടികളും അവരുടെ ചെറുപ്രായത്തിൽ തന്നെ എന്താണ് സംഭവിക്കുന്നത് എന്നറിയാതെ വിവാഹനിശ്ചയം ചെയ്യപ്പെടുന്നു. അവർ പ്രായപൂർത്തി ആകുമ്പോഴാണ് യാഥാർത്ഥ്യം മനസ്സിലാക്കുന്നത്. എന്നാൽ ആ സമയത്ത് വേറൊരു തീരുമാനമെടുക്കാൻ അവരെ അനുവദിക്കില്ല.

**ജനസംഖ്യ : (പെൺകുട്ടികൾ 0–6): 50,10,328 (50 ലക്ഷം)**

**ശൈശവ വിവാഹം : 65.2%**

**സാക്ഷരത (സ്ത്രീകൾ): 52.66% (സെൻസസ് 2011)**




**രാജസ്ഥാനിലുള്ള അനേകം കുടുംബങ്ങൾക്കും, ഒരു വിവാഹം നടത്തിയ ശേഷം അവരുടെ സാമ്പത്തിക പരാധീനതയിൽ നിന്നും മോചനം പ്രാപിക്കാൻ കഴിയാറില്ല. അതുകൊണ്ട് ഒരു വീട് വിവാഹത്തിന് തയ്യാറാകുമ്പോൾ ആ വീട്ടിലുള്ള പെൺകുട്ടികൾ എത്ര പ്രായം കുറഞ്ഞവരായിരുന്നാലും അവരെ ഒരുമിച്ച് വിവാഹം കഴിച്ച് അയക്കുന്നു.**



ഈ ആധുനിക കാലത്തും ശൈശവ വിവാഹം നടത്തുന്നതിന് പല കാരണങ്ങളാണ് പറയപ്പെടുന്നത്. പെൺകുട്ടികളെ ആക്രമിക്കുകയും തട്ടിക്കൊണ്ട് പോകുകയും ചെയ്യുന്നതിൽ നിന്നു സംരക്ഷിക്കുവാൻ, രണ്ട് കുടുംബങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാൻ, പ്രായമായവർക്ക് തങ്ങളുടെ മരണത്തിന് മുമ്പ് ചെറുമക്കളുടെ വിവാഹം നടത്തികാണുവാൻ, കൗമാര പ്രായമാകുമ്പോൾ മക്കൾ വഴിവിട്ട് തെറ്റിപോകുമോ എന്ന ഭയം തുടങ്ങിയവയാണ് അവയിൽ ചിലത്. ദളിത് ജനങ്ങൾ, ഗോത്രവർഗ്ഗക്കാർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നിവരുടെ ഇടയിൽ ശൈശവ വിവാഹം സർവ്വസാധാരണമാണ്. അവിവാഹിതരും യൗവ്വനക്കാരുമായ പെൺകുട്ടികൾ വലിയ അനർത്ഥങ്ങൾ ഉണ്ടാക്കുവാൻ കാരണമാകുന്നു എന്ന വിശ്വാസം ഇവരുടെ ഇടയിൽ വ്യാപകമാണ്. ഇതും ശൈശവ വിവാഹം അവരുടെ സംസ്കാരത്തിന്റെ ഭാഗമാകുവാൻ ഇടയാക്കുന്നു.

മാതാക്കൾ നേരത്തെ മരിച്ചു പോകുക നവജാതശിശുക്കളുടെ അനാരോഗ്യം പെൺകുട്ടികൾക്കെതിരെയുള്ള അക്രമ വാസനകൾ വർദ്ധിക്കുക തുങ്ങിയവയാണ് ശൈശവ വിവാഹത്തിന്റെ പരിണത ഫലങ്ങൾ. നൂതനമായ ആശയങ്ങൾ കണ്ടുപിടിച്ച് അവർക്ക് ആവശ്യമായ ബോധവത്ക്കരണം നൽകിയെങ്കിൽ മാത്രമെ ഇവരെ ആരോഗ്യമുള്ള സമൂഹമാക്കി മാറ്റുവാൻ കഴിയൂ.

### പ്രാർത്ഥനയ്ക്കായി

- ശൈശവ വിവാഹത്തിനെതിരായി ഭരണാധികാരികൾ കർശനമായ നിയമം കൊണ്ടുവരേണ്ടതിന്...
- ശൈശവ വിവാഹവും പെൺകുട്ടികൾ അവരുടെ ബാല്യപ്രായത്തിൽ ഗർഭവതികളാകുന്നതും സമൂഹത്തിൽ കഷ്ടതയും ദാരിദ്ര്യവും വർദ്ധിക്കുവാൻ ഇടയാക്കുമെന്ന് ജനം മനസിലാക്കേണ്ടതിന്...
- ദൈവസഭ ഇതിനെതിരായി ശക്തമായി പ്രതികരിക്കുകയും ജനത്തിന് ഈ വിഷയത്തിൽ മാതൃകയാകുകയും ചെയ്യേണ്ടതിന്...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടരുന്നു)

പ്രായോഗികം

# വീടും കുടുംബവും



**കെ.വി. ജോസ്, എറണാകുളം**

**6. അവിശ്വസ്തതയും അവിഹിത വേഴ്ചകളും**

എല്ലാവരുടെയിടയിലും വിവാഹം മാന്യമായി കരുതപ്പെടട്ടെ. മണവറ മലിനമാകാതിരിക്കട്ടെ. കാരണം അസാന്മാർഗികളെയും വ്യഭിചാരികളെയും ദൈവം വിധിക്കും (എബ്രാ. 13:4). തന്റെ യൗവ്വനത്തിലെ ഭാര്യയോട് ആരും അവിശ്വസ്തത കാണിക്കരുത് (മലാഖി 2:14,15). സമൂഹത്തിൽ വന്നിട്ടുള്ള ധാർമ്മിക അധഃപതനവും സദാചാര ബോധക്കെടുതിയും പലരെയും അപഥഗമനത്തിന് പ്രേരിപ്പിക്കുന്നു. മാധ്യമങ്ങളുടെ സ്വാധീനവും അക്കാര്യത്തിൽ ഉണ്ട് എന്നു പറയാം. ആധുനിക ലോകത്തിന്റെ വളർച്ചയും പുരോഗമന ചിന്തകളും ഏറ്റവും സ്വാധീനിച്ചത് കുടുംബ ബന്ധങ്ങളെയാണ്. ആ ബന്ധം തകർന്ന് തരിപ്പണമായിത്തീരാൻ ഏതു നിലയിലുള്ള ലൈംഗിക വേഴ്ചയും ആകാം എന്ന ചിന്തയാണ്. വിവാഹത്തിന് മുമ്പ് ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് തെറ്റല്ല എന്ന ചിന്ത ഇന്ന് വർദ്ധിച്ചു വരുന്നു. കുറച്ചു കാലം സ്ത്രീയും പുരുഷനും ഒരുമിച്ച് രഹസ്യമായി കിടക്ക പങ്കിട്ടശേഷം ആരും അറിയാതെ മറ്റുള്ളവരെ വിവാഹം കഴിക്കുന്നു. വിവാഹത്തിനു മുമ്പാണെങ്കിലും അതിനുശേഷമാണെങ്കിലും ഇതെല്ലാം അവിശ്വസ്തതയും അവിഹിത വേഴ്ചകളും തന്നെ. ഇത് ഏറ്റവും വലിയ പാപമാണ്. വിശുദ്ധ ദാമ്പത്യബന്ധത്തെ തകർക്കുന്നതാണ്. ഉന്നതസ്ഥാനീയരായ പല വ്യക്തികൾ പോലും അനാശാസ്യമായ പെരുമാറ്റങ്ങളും വേഴ്ചകളും ആരോപിക്കപ്പെടുന്നു. പ്രലോഭനങ്ങൾക്ക് അവസരം ഉണ്ടാകാതിരിക്കുക അഥവ അവസരമുണ്ടായാൽ ആരംഭത്തിൽ ചെറുത്തു തോൽപ്പിക്കുക. മൂല്യബോധവും സാന്മാർഗനിഷ്ഠയും വളർത്തുകയാണ് ഏറ്റവും ആവശ്യം (1 കൊരി. 7:5). പ്രാർത്ഥനാ ജീവിതത്തിനായി ഇരുവരും തീരുമാനിക്കുന്ന കുറേക്കാലത്തേക്കല്ലാതെ പരസ്പരം നൽകേണ്ട അവകാശങ്ങൾ നിഷേധിക്കരുത്. അതിനുശേഷം ഒന്നിച്ചു ചേരുകയും വേണം. അല്ലാത്തപക്ഷം നിങ്ങളുടെ സംയനമക്കുറവ് നിമിത്തം പിശാച് നിങ്ങളെ പ്രലോഭിപ്പിക്കും. ഭാര്യയും ഭർത്താവും പരസ്പരം വേർപെട്ടിരിക്കരുത്. ഏതെങ്കിലും ഒരു പ്രത്യേക സന്ദർഭത്തിൽ അങ്ങനെ ഒരു ആവശ്യം ഉണ്ടായാൽ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാകാം പക്ഷെ അത് ദീർഘകാലങ്ങളോ സമയങ്ങളോ ആയിരിക്കരുത്. കാലങ്ങൾ ദീർഘമായാൽ നിങ്ങളുടെ ആത്മനിയന്ത്രണത്തിന്റെ അഭാവം മൂലം മറ്റു ബന്ധങ്ങൾക്ക് കാരണമാകും. പിശാച് നിങ്ങളെ പരീക്ഷിക്കും. അതുകൊണ്ട് ഉടനെ തന്നെ ചേർന്നിരിക്കണം എന്ന് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അനാവശ്യമായ ചിന്തകളും വിചാരങ്ങളും അസ്വസ്ഥതകളും കൊണ്ട് ഹൃദയം പാപപങ്കിലമാകും സാത്താൻ നിങ്ങളെ വഞ്ചിക്കും. അതുകൊണ്ട് ചേർന്നിരിക്കേണ്ടതാണ്.

**പ്രാർത്ഥനാ ജീവിതത്തിനായി ഇരുവരും തീരുമാനിക്കുന്ന കുറേക്കാലത്തേക്കല്ലാതെ പരസ്പരം നൽകേണ്ട അവകാശങ്ങൾ നിഷേധിക്കരുത്. അതിനുശേഷം ഒന്നിച്ചു ചേരുകയും വേണം.**

കുടുംബം ദൈവത്തിന്റെ വിശുദ്ധി വെളിപ്പെടുത്തേണ്ട സ്ഥാപനമാണ്. കുടുംബജീവിതത്തിൽ വിശുദ്ധി എങ്ങനെ പ്രാപിക്കാം (1 തെസ്സ. 4:3–8). "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ" മൂന്നാം വാക്യം, ദൈവത്തിന്റെ ഇഷ്ടം എന്ന പ്രയോഗത്തിൽ രണ്ട് ആശയങ്ങളുണ്ട്. ഒന്ന് ദൈവത്തിന്റെ തീരുമാനം, നിർണ്ണയം, കല്പന മുതലായവ അടങ്ങിയിരിക്കുന്നു. ദൈവം തീരുമാനിച്ചതിന് വിരുദ്ധമായി യാതൊന്നും ചെയ്യുവാൻ മനുഷ്യന് അവകാശമില്ല. ദൈവത്തിന്റെ പരമാധികാരമാണ് അതിൽ വെളിപ്പെടുന്നത്. "ആർ അവന്റെ ഇഷ്ടത്തോട് എതിർത്തു നിൽക്കുന്നു" എന്ന ചോദ്യം ഈ സത്യത്തെ വ്യക്തമാക്കുന്നുണ്ടല്ലൊ. (റോമ. 9:18–20) ദൈവത്തിന്റെ "അനാദി നിർണ്ണയം" (എഫെ. 3:11) "സ്ഥിരനിർണ്ണയം" (പ്രവൃ. 2:23) എന്നീ പ്രയോഗങ്ങൾ ഈ ആശയത്തിൽ മനസ്സിലാക്കാവുന്നതാണ്.

രണ്ടാമത്, ഈ പ്രയോഗത്തിൽ ദൈവത്തിന്റെ ആഗ്രഹം, അവന്റെ പ്രസാദം എന്നീ കാര്യങ്ങൾ ഉൾക്കൊള്ളുന്നു. ഈ രണ്ടാമത്തെ ആശയത്തിൽ ആണ് അപ്പൊസ്തലൻ ഈ വാക്യത്തിൽ ദൈവത്തിന്റെ ഇഷ്ടം എന്നു പറഞ്ഞിരിക്കുന്നത്. നമ്മുടെ ശുദ്ധീകരണമാണ് ദൈവത്തിന്റെ ഇഷ്ടം എന്നു പറഞ്ഞാൽ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് നാം ശുദ്ധിയുള്ളവരായിരിക്കണം എന്നാണ്. ശുദ്ധീകരണം എന്ന് ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ ആശയം അടുത്ത വാക്യത്തിൽ നിന്നും വളരെ വ്യക്തമായി മനസ്സിലാക്കാം. "നിങ്ങൾ ദുർന്നടപ്പ് വിട്ടൊഴിഞ്ഞ് ഓരോരുത്തൻ ദൈവത്തെ അറിയാത്ത ജാതികളെപ്പോലെ കാമവികാരത്തിലല്ല, വിശുദ്ധീകരണത്തിലും മാനത്തിലും താന്താന്റെ പാത്രത്തെ നേടിക്കൊള്ളട്ടെ (4,5). 'ദുർന്നടപ്പ്', 'കാമവികാരം' എന്നീ പദങ്ങൾ കൊണ്ട് അർത്ഥമാക്കുന്നത് ലൈംഗിക പാപത്തെയാണ്. ദൈവത്തെ അറിയാത്ത ജാതികൾ അങ്ങനെയുള്ള പാപത്തിൽ മുഴുകി ജീവിക്കുന്നവർ ആയിരുന്നു. ഈ ലേഖനം പൗലോസ് എഴുതുന്നത് കൊരിന്ത് പട്ടണത്തിൽ നിന്നായിരുന്നു എന്ന് നാം ഇതിന് മുമ്പ് പഠിച്ചിട്ടുള്ളതാണ്. കൊരിന്തിൽ വീനസ് ദേവതയുടെ പ്രതിഷ്ഠയുള്ള ഒരു ക്ഷേത്രവും അതിനുചുറ്റും ആയിരക്കണക്കിന് ദേവദാസികളും ജീവിച്ചിരുന്നു എന്നു പറയപ്പെടുന്നു. ദുർന്നടപ്പ് ഒരാചാരമായിത്തന്നെ അക്കാലത്ത് നിലനിന്നിരുന്നു എന്നാണ് പറയപ്പെടുന്നത്. ഈ പശ്ചാത്തലത്തിൽ ദൈവമക്കളെക്കുറിച്ച് ദൈവമാഗ്രഹിക്കുന്നത് എങ്ങനെയുള്ള ജീവിതമാണ് എന്ന് അപ്പൊസ്തലൻ വിശദീകരിക്കുകയാണ് ഈ വാക്യങ്ങളിൽ. "വിശുദ്ധീകരണത്തിലും മാനത്തിലും താന്താന്റെ പാത്രത്തെ നേടിക്കൊള്ളട്ടെ" എന്നാണ് ഉപദേശം. അതാണ് ദൈവത്തിന്റെ ഇഷ്ടം. "താന്താന്റെ പാത്രം" എന്ന പ്രയോഗത്തിന് രണ്ട് ആശയങ്ങൾ ഉണ്ട്. ഒന്ന് അവനവന്റെ ശരീരം എന്നും രണ്ട്, അവനവന്റെ ഭാര്യ എന്നും ആശയമുണ്ട്. "ഉടമസ്ഥനുപയോഗമുള്ള മാനപാത്രം" എന്ന് തിമൊഥെയോസിന് അപ്പൊസ്തലൻ എഴുതിയത് ഓർക്കുക (2 തിമൊ. 2:12). നമ്മുടെ ശരീരത്തെക്കുറിച്ച് മൺപാത്രം എന്ന് അപ്പൊസ്തലൻ വിശേഷിപ്പിച്ചിട്ടുണ്ട് (2 കൊരി. 4:7). "സ്ത്രീജനം ബലഹീനപാത്രം എന്ന് പത്രോസ് എഴുതിയിട്ടുണ്ട് (1 പത്രോ. 3:7). ദുർന്നടപ്പിനോട് ബന്ധപ്പെട്ട് ഈ രണ്ടാശയങ്ങളും യോജിക്കുന്നുണ്ട്. >>



വന്ന വഴികൾ – 47

# അങ്കമാലിയിലെ പരസ്യയോഗങ്ങളും കെ.എ. മത്തായിച്ചനും

**പ്രായത്തിൽ കാര്യമായ വ്യത്യാസമുണ്ടെങ്കിലും ഞങ്ങൾ തമ്മിൽ ഹൃദ്യമായ സ്നേഹബന്ധം ഒടുവിൽവരെയും പുലർത്തുവാൻ സാധിച്ചു. താൻ ഉൾപ്പെട്ടു നിന്നിരുന്ന സഭയിൽ ഉണ്ടായ ഒരു പ്രശ്നത്തിൽ മനംനൊന്ത് ആശുപത്രിയിലാകുകയും പെട്ടെന്ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെടുകയുമാണുണ്ടായത്.**

ഇ.ജെ. പൈലി, അങ്കമാലി



കെ.എ. മത്തായിച്ചൻ ദൈവവചനം ശുശ്രൂഷിക്കുന്നു



പരസ്യയോഗത്തിന് പോകുന്ന സഹോദരന്മാർ സഭാഹാളിനു മുമ്പിൽ

**1950** കളിൽ എന്റെ ചെറുപ്പകാലത്ത് അങ്കമാലിയുടെ ചുറ്റുപാടുകളിൽ നടന്ന പരസ്യയോഗങ്ങളിൽ പങ്കെടുത്തത് വളരെ ആത്മിക സന്തോഷം പകർന്ന അനുഭവമായിരുന്നു. അന്ന് ചുറ്റുപാടുകളിലേക്കുള്ള ഗ്രാമങ്ങളിലേക്ക് ബസ്സോ മറ്റു യാത്രാസൗകര്യങ്ങളോ ഇല്ല. സൈക്കിൾ ചുരുക്കം പേർക്കു മാത്രമുള്ള ഒരു'ആഡംബരം' മാത്രമായിരുന്നു. എങ്കിലും വേനൽക്കാലത്ത് ഞായറാഴ്ച ഉച്ച കഴിഞ്ഞ് വെയിലിനെ വകവയ്ക്കാതെ യുവാക്കന്മാരായ ഞങ്ങൾ പ്രായമുള്ള സഹോദരന്മാരുമൊരുമിച്ച് ഗ്രാമങ്ങളിലേക്ക് നടന്നുപോയി പരസ്യയോഗങ്ങൾ നടത്തി തിരിച്ചു വന്നിരുന്നത് ഓർമ്മയിലുണ്ട്. കാര്യമായ എതിർപ്പൊന്നുമില്ലായിരുന്നു. തിരിച്ചു വരുമ്പോഴേക്ക് രാത്രിയാകും. എന്നാലും മെഴുകുതിരിയുടെ വെളിച്ചത്തിൽ പാട്ടുകൾ പാടി നടന്നു വന്നിരുന്നത് ഒരു പ്രത്യേക അനുഭവമായിരുന്നു. തിരിച്ചുവരുമ്പോൾ സഭയിലെ പ്രായമുള്ള ഒരു സഹോദരൻ കെ.എം. മത്തായിച്ചൻ തനിക്ക് സൈക്കിളുണ്ടെങ്കിലും കുറെ സമയം ഞങ്ങളോടു ചേർന്ന് നടക്കും. യുവാക്കന്മാരെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയായിരുന്നു അത്. യുവാക്കന്മാർക്ക് വാക്യങ്ങൾ കാണാതെ പഠിച്ച് ചൊല്ലുന്ന ഒരു മത്സരം താൻ ഏർപ്പെടുത്തി. അന്നു പലരും ഉത്സാഹപൂർവ്വം ധാരാളം വാക്യങ്ങൾ കാണാതെ പറയുമായിരുന്നു. ഏറ്റവും കൂടുതൽ വാക്യങ്ങൾ കണാതെ പഠിക്കുന്നവർക്ക് സമ്മാനവും പ്രഖ്യാപിച്ചു. യുവാക്കന്മാർക്ക് ഇത് വളരെ പ്രോത്സാഹനകാരണമായി എന്നു പ്രത്യേകം പറയേണ്ടതാണ്. ഈ ബന്ധത്തിൽ പ്രിയ കെ.എ. മത്തായിച്ചനേപ്പറ്റി രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു.

ധാരാളം യുവാക്കന്മാരുണ്ടായിരുന്ന അങ്കമാലി സഭയിൽ അവരെ ആത്മീയമായി ഉത്സാഹിപ്പിക്കുന്നതിന് മുൻകൈ എടുത്ത ഒരു സഹോദരനായിരുന്നു മത്തായിച്ചൻ. ഈ കാര്യത്തിൽ ഇത്രത്തോളം ഉത്സാഹിച്ച വേറെ ഒരു സഹോദരനും അങ്കമാലിയിൽ ഉണ്ടായിരുന്നിട്ടില്ല എന്നു പറയാം. ആദ്യമായി പരസ്യയോഗത്തിന് എന്നെ മുന്നോട്ടു തള്ളിയിറക്കിയ സഹോദരൻ അദ്ദേഹമായിരുന്നു. ഞാൻ അവധിയിൽ വൈ.എം.ഇ.എഫ്. കാമ്പയിനുകൾക്ക് പോയിരിക്കുമ്പോൾ പ്രിയ മത്തായിച്ചൻ ഇടയ്ക്കിടെ എന്റെ ഭവനത്തിൽ വന്ന് പ്രിയപ്പെട്ടവരെ ധൈര്യപ്പെടുത്തുകയും പ്രാർത്ഥിക്കുകയും ചെയ്തിരിന്നത് ആശ്വാസം പകർന്നു തന്നു. പ്രായത്തിൽ കാര്യമായ വ്യത്യാസമുണ്ടെങ്കിലും ഞങ്ങൾ തമ്മിൽ ഹൃദ്യമായ സ്നേഹബന്ധം ഒടുവിൽവരെയും പുലർത്തുവാൻ സാധിച്ചു. താൻ ഉൾപ്പെട്ടു നിന്നിരുന്ന സഭയിൽ ഉണ്ടായ ഒരു പ്രശ്നത്തിൽ മനംനൊന്ത് ആശുപത്രിയിലാകുകയും പെട്ടെന്ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെടുകയുമാണുണ്ടായത്. ഒടുവിലത്തെ നിമിഷങ്ങളിൽ എന്നെ കാണാൻ താല്പര്യപ്പെട്ടെങ്കിലും ഞാൻ സ്ഥലത്തില്ലാതിരുന്നതുകൊണ്ട് കാണാൻ കഴിഞ്ഞില്ല. 28-10-1984-ൽ താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധാനം ചേർന്നു. പൂമലയിൽ പ്രവർത്തനത്തിനു ഞാൻ പോയി മടങ്ങി വന്നപ്പോഴാണ് ഞെട്ടിപ്പിക്കുന്ന വാർത്തകേട്ടത്. അങ്കമാലിയിലെ ആദ്യകാലവിശ്വാസികളിൽ ഒരാളായ മത്തായിച്ചൻ എതിർപ്പിന്റെ ദിവസങ്ങിൽ വേദപുസ്തകം കവറിൽ പൊതിഞ്ഞ് യോഗങ്ങൾക്കു കൊണ്ടുപോയിരുന്ന കാര്യം തന്നിൽ നിന്നും കേട്ടിട്ടുണ്ട്. "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" (എബ്രാ. 134:7). വളരെയധികം പോരാട്ടങ്ങളിൽ കൂടെ കടന്നു പോകേണ്ടിവന്നെങ്കിലും ആത്മികസന്തോഷം ഒട്ടും ചോർന്നു പോകാതെ അന്ത്യത്തോളം നിലനിന്ന ഒരു കർത്തൃദാസനായിരുന്നു പ്രിയ മത്തായിച്ചൻ.

**"പരസ്യയോഗം കൊണ്ട് ആരെങ്കിലും രക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നു ചിന്തിക്കേണ്ടതില്ല. എന്റെ കർത്താവ് എന്നെ രക്ഷിച്ചു എന്ന് അനുഭവ സാക്ഷ്യം പരസ്യസ്ഥലത്തു നിന്ന് പറയുന്നത് പറയുന്ന വിശ്വാസിക്ക് വളരെ ആത്മ ചൈതന്യം ഉളവാക്കുന്ന കാര്യമാണ്."**

അങ്കമാലിക്കു ചുറ്റും നടന്നിരുന്ന പരസ്യയോഗങ്ങളേപ്പറ്റി മുകളിൽ പറഞ്ഞല്ലോ. പില്ക്കാലത്ത് 1987 കളിലും പരസ്യയോഗങ്ങൾ നടത്തിയത് ഓർമ്മയിലുണ്ട്. അന്ന് ജീപ്പ് വാടകയ്ക്കെടുത്താണ് പോയത്. ഈ കാലയളവുകളിൽ പരസ്യയോഗങ്ങൾ നടത്തിയെങ്കിലും ഒരു ഫലവും കാണാൻ കഴിഞ്ഞില്ല. എന്നാൽ കർത്താവിൽ ചെയ്ത പ്രയത്നങ്ങൾ വൃഥാവായില്ല എന്ന് സന്തോഷത്തോടെ പറയാം. പരസ്യപ്രവർത്തനങ്ങൾ നടന്ന മഞ്ഞപ്ര, തുറവൂർ, കാലടി മുതലായ സ്ഥലങ്ങളിൽ ഇന്ന് ചെറിയ സഭാകൂടിവരവുകളുണ്ടെന്നത് സന്തോഷത്തോടെ ഓർക്കുന്നു. എം.ഇ.സി. യുടെ പാട്ടിന്റെ വരികൾ ശ്രദ്ധേയമാണ്:

"ഇന്നു പാരിൽ കണ്ണുനീരിൽ നിൻ വചനം വിതയ്ക്കും ഞാൻ
അന്നു നേരിൽ നിന്നരികിൽ വന്നു കതിരുകൾ കാണും ഞാൻ."

പരസ്യയോഗങ്ങൾ കൊണ്ടു പ്രയോജനമില്ലെന്നോ ഈ വിധ പ്രവർത്തനങ്ങളുടെ കാലം കഴിഞ്ഞുവെന്നോ ചിന്തിക്കേണ്ടതില്ല. ഇന്ന് എത്ര സഭകളിൽ പരസ്യയോഗങ്ങൾ നടക്കുന്നുണ്ടെന്ന് ചിന്തിക്കുന്നതു കൊള്ളാം. ഈ ബന്ധത്തിൽ സഹോദരൻ എ.പി. പൈലി പറഞ്ഞിട്ടുള്ള ഒരു കാര്യം ഓർമ്മയിലുണ്ട്, "പരസ്യയോഗം കൊണ്ട് ആരെങ്കിലും രക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നു ചിന്തിക്കേണ്ടതില്ല. എന്റെ കർത്താവ് എന്നെ രക്ഷിച്ചു എന്ന് അനുഭവ സാക്ഷ്യം പരസ്യസ്ഥലത്തു നിന്ന് പറയുന്നത് പറയുന്ന വിശ്വാസിക്ക് വളരെ ആത്മ ചൈതന്യം ഉളവാക്കുന്ന കാര്യമാണ്." ഇതൊരു സത്യമാണ്. പരസ്യയോഗങ്ങളുടെ കാലം കഴിഞ്ഞു എന്ന് ചിന്തിക്കരുത്. വടക്കേ ഇന്ത്യയിൽ വൈ.എം.ഇ.എഫ്. ടീം ഓരോ ദിവസവും എത്ര പരസ്യയോഗങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്! ദൈവത്തിനു സ്തോത്രം. എതിർപ്പുണ്ടെങ്കിൽ വേറൊരു സ്ഥലത്തേക്ക് നീങ്ങുക. പകലുള്ളിടത്തോളം നമുക്ക് വചനം വിളിച്ചറിയിക്കാം.

---

▶

പ്രസംഗിക്കണം എന്നാണ്. അവർ "പരമേശ്വർ ദയാകർ" എന്നു നിലവിളിച്ചു ഉച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു. ചന്തു എന്ന ഗ്രാമീണൻ എന്നേ രക്ഷിക്കണം ഞാൻ എന്താണു ചെയ്യേണ്ടത്. ആ വ്യക്തിയോട് യേശുക്രിസ്തു നല്കുന്ന രക്ഷയെക്കുറിച്ചു പറഞ്ഞു പ്രാർത്ഥിച്ചയച്ചു. ഇന്നും വചനം കേൾക്കുവാൻ വെമ്പൽ കൊള്ളുന്ന അനേകർ ഇവിടെയുണ്ട്. കൊയ്ത്തു വളരെ. ആ മാസത്തെ പ്രവർത്തനത്തിൽ 18 കുടുംബങ്ങൾ അനുധാവനത്തിനായി ലഭിച്ചിട്ടുണ്ട്. പ്രത്യേകം ഈ വിഷയം ഓർത്തു പ്രാർത്ഥിച്ചാലും.

നക്സൽ പ്രവർത്തനങ്ങളുടെ ഈറ്റില്ലമായ നക്സൽ ബാരി എന്ന സ്ഥലത്ത് സഹോദരൻ ഗിദയോൻ മുർമ്മുവിനോടു ചേർന്നു പ്രവർത്തിപ്പാനും ദൈവം സഹായിച്ചു. നിരവധി ട്രാക്റ്റുകൾ, ചെറുപുസ്തകങ്ങൾ, പുതിയനിയമങ്ങൾ, ബൈബിളുകൾ എന്നിവ വിതരണം ചെയ്യുവാൻ ദൈവം സഹായിച്ചു. ഈ മാസത്തെ വേലയുടെ അവസാന ദിവസങ്ങളിൽ സഹോദരന്മാരായ ജോൺ റൗത്ത്, ശിമയോൻ മുർമ്മു, സുജിത്ത്, ഗോഡ്‌ലി ജേക്കബ്, ബുടാ തൊപ്പി എന്നിവരും പ്രവർത്തനത്തിനു ഏറെ സഹായകരമായി. ബ്രദർ ബില്ലി പി. ജേക്കബ്, ജോയി എന്നിവരും വേലയ്ക്കു വളരെ പിന്തുണയായി നിന്നു. നേപ്പാളി ബംഗാളി, ഹിന്ദി ഭാഷ സംസാരിക്കുന്നവരുടെ ഇടയിലാണ് ഏറിയ പങ്കും വേല ചെയ്തത്. കേവലം മതവിശ്വാസികളാണ് ഏറിയ പങ്കും. സുവിശേഷം കേൾക്കുവാൻ മടിയില്ലാത്ത ഇവരുടെ ഇടയിൽ പ്രവർത്തിക്കുവാൻ ഇനിയും വളരെ ദൈവമക്കളെ ആവശ്യമുണ്ട്. ഇവിടെ ചെയ്ത വേലകളുടെ ഫലപ്രാപ്തിക്കായി ദൈവജനം പ്രാർത്ഥിച്ചാലും. അടുത്ത മാസത്തെ പ്രവർത്തനങ്ങൾക്കായി എത്തിയ സഹോദരന്മാരായ സാംജി ചിറക്കേക്കോട്, എൽദോ ഏബ്രഹാം പാമ്പാക്കുട, ജോയി മരോട്ടിച്ചാൽ എന്നിവരെ ഉത്തരവാദിത്തങ്ങൾ ഏല്പിച്ചു ഞങ്ങൾ നാട്ടിലേക്കു യാത്രയായി. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

---

➢➢ "ദുർന്നടപ്പുകാരനോ സ്വന്ത ശരീരത്തിന് വിരോധമായി പാപം ചെയ്യുന്നു" എന്നു കൊരിന്ത്യ ലേഖനത്തിൽ കാണുന്നുണ്ട് (1 കൊരി. 6:13-20). നമ്മുടെ ശരീരം കർത്താവിന്റെ അവയവങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. ആ ശരീരം കൊണ്ട് ദുർന്നടപ്പ് ചെയ്യുമ്പോൾ അത് എത്ര ഭയങ്കര പാപമാണെന്ന് ചിന്തിച്ചാൽ മതി. സ്വന്ത ശരീരത്തോട് ബന്ധപ്പെട്ടുള്ള "ദുർന്നടപ്പ് വിട്ടോടുവിൻ" (1 കൊരി. 6:17) എന്നാണ് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നത്. ഭാര്യമാരോട് അവിശ്വസ്തത കാണിക്കുന്നതും ദുർന്നടപ്പാണ് ( 1 കൊരി. 5:1). ഏക ഭാര്യയുടെ ഭർത്താവായിരിക്കുന്നതാണ് ദൈവത്തിന് പ്രസാദമുള്ള ദാമ്പത്യജീവിതം. അതിന് വിരുദ്ധമായ പ്രവൃത്തി ദൈവത്തിന്റെ മുമ്പിൽ മ്ലേച്ഛതയായിട്ടാണ് കണക്കാക്കപ്പെടുന്നത്. കാമവികാരങ്ങൾക്ക് അടിമപ്പെടുന്നത് നമ്മുടെ വിശുദ്ധീകരണത്തിനും മാന്യതയ്ക്കും എതിരാണ്. അമിതമായ ലൈംഗികാസക്തിയും ദുർന്നടപ്പിന്റെ പരിധിയിൽ പെടുന്നതാണ്. ദൈവമക്കളിൽ ഈ വക കാര്യങ്ങൾ ഉണ്ടാകുവാൻ പാടില്ല എന്നാണ് കർത്താവിന്റെ കല്പന. താന്താന്റെ പാത്രത്തെ വിശുദ്ധീകരണത്തിലും മാനത്തിലും നേടിക്കൊള്ളട്ടെ എന്നുള്ള പ്രബോധനത്തിന്റെ ആശയം വ്യക്തമായി എന്നു വിശ്വസിക്കുന്നു.

**ഇന്ന് മിക്കവാറും ഭാര്യയ്ക്കും ഭർത്താവിനും ജോലിയുള്ളതുകൊണ്ട് ഒരു പേഴ്സ് എന്നത് മാറിയിട്ടുണ്ട്. പക്ഷേ കെട്ടുറപ്പും ഭിന്നതയില്ലായ്മയും അനാവശ്യചെലവും ഒഴിവാക്കാൻ രണ്ടു പേരുടെയും പേഴ്സ് ഒന്നാക്കി വിവേകപൂർവ്വം സാമ്പത്തിക ഇടപാടുകളെ ക്രമീകരിക്കണം.**

വിശുദ്ധീകരണം എന്ന പദം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പിതാവായ ദൈവം ലോകസ്ഥാപനത്തിനു മുമ്പെ ക്രിസ്തുയേശു ➢➢

➤➤ വിൽ തിരഞ്ഞെടുത്തത് നാം അവന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് വേണ്ടിയാണ് ( എഫെ. 1:3,4). നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും അതുതന്നെയാണ്. പുത്രനായ ക്രിസ്തുയേശു തന്നെത്താൻ നമുക്കു വേണ്ടി ഏല്പിച്ചു തന്നത് നമ്മെ തനിക്ക് "ശുദ്ധീകരിക്കേണ്ടതിനാണ്" (തീത്തോ. 2:14). പരിശുദ്ധാത്മാവ് നമ്മിൽ അധിവസിക്കുന്നത് നമ്മുടെ വിശുദ്ധീകരണത്തിനാണ് (2 തെസ്സ. 2:13, തീത്തോ. 3:7). ദൈവവചനം നമ്മുടെ വിശുദ്ധീകരണത്തിനായി നല്കപ്പെട്ടിട്ടുള്ളതാണ്. (യോഹ. 17:17). ദൈവം നമ്മെ ശിക്ഷിച്ചു വളർത്തുന്നത് നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിനാണ് (എബ്രാ. 12:10). ത്രിയേക ദൈവം തന്റെ വചനത്തിലൂടെ നമ്മുടെ വിശുദ്ധീകരണത്തിനായി സകലവും ചെയ്തിരിക്കെ നാം ദുർന്നടപ്പുകാരായിത്തീരുന്നു എങ്കിൽ അത് എത്ര ഭയങ്കരമായിരിക്കും എന്നു ചിന്തിച്ചു നോക്കുക. ക്രിസ്തീയ ജീവിതം ദൈവത്തിന് തന്നെത്താൻ വേർതിരിക്കപ്പെട്ട ജീവിതമാണ്. വിശുദ്ധിയിൽ ജീവിക്കുക എന്നത് നമ്മുടെ കടപ്പാടാണ്. ദൈവത്തിനു കൊള്ളാവുന്ന, ഉടമസ്ഥനുപയോഗിക്കാവുന്ന മാനപാത്രങ്ങളായി നാം ജീവിക്കണം. അതാണ് നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം. നമ്മുടെ ജീവിതം ഈ മാനദണ്ഡപ്രകാരം എങ്ങനെ ഇരിക്കുന്നു എന്നു പരിശോധിച്ചു നോക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

6-ാം വാക്യം (4:6): "ഈ കാര്യത്തിൽ ആരും അതിക്രമിക്കുകയും സഹോദരനെ ചതിക്കുകയും അരുത്. ഞങ്ങൾ നിങ്ങളോട് മുമ്പേ പറഞ്ഞതുപോലെ ഈ വകക്കൊക്കെയും പ്രതികാരം ചെയ്യുന്നവൻ കർത്താവല്ലോ." വളരെ ഗൗരവമുള്ള ഒരു കാര്യമായിട്ടാണ് അപ്പൊസ്തലൻ ഇക്കാര്യം പറയുന്നത്. സഹോദരനെ ചതിക്കരുത് എന്നു പറയുന്നത് ദുർന്നടപ്പിന്റെ കാര്യത്തിലാണ്. സഹോദരന്റെ ഭാര്യയെ മോഹിക്കരുത് എന്ന പ്രമാണമാണ് ഇവിടെ പ്രസക്തമായിട്ടുള്ളത്. ഈ വകക്കൊക്കെയും പ്രതികാരം ചെയ്യുന്നവൻ കർത്താവാകുന്നു എന്ന പ്രബോധനം ശക്തിയുള്ളതാണ്. കർത്താവിന്റെ പ്രതികാരം അവന്റെ ന്യായവിധിയാണെന്നുള്ളതിന് സംശയമില്ല. ഇക്കാര്യത്തിൽ വിശുദ്ധി പാലിക്കുവാൻ നമുക്കുള്ള കടപ്പാട് എത്ര വലുതായിരിക്കുന്നു. ഒരുപക്ഷെ നമുക്കിന്നുള്ള സാഹചര്യങ്ങൾ ആയിരുന്നില്ല അന്നത്തെ ലോകത്തിൽ ഉണ്ടായിരുന്നത്. അന്ന് ജാതികളുടെ മധ്യത്തിൽ ഈ വക കാര്യങ്ങൾക്ക് കൊടുത്തിരുന്ന ലാഘവത്വം ഇന്നു നമ്മുടെ സംസ്കാരത്തിലും സാഹചര്യത്തിലും ഇല്ലായിരിക്കാം എങ്കിലും ദൈവവചനത്തിൽ അത് രേഖപ്പെടുത്തിയിക്കുന്നതുകൊണ്ട് നാമും അത് ഗൗരവമായി എടുക്കേണ്ടതുണ്ട്. ഏഴും എട്ടും വാക്യങ്ങളിൽ ഈ വിഷയത്തിന്റെ ഗൗരവം കുറെക്കൂടി ഊന്നിപ്പറയുകയാണ്. "ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനത്രെ വിളിച്ചത്" (7) ദൈവത്തിന്റെ വിളിയുടെ ശ്രേഷ്ഠത നാം മനസ്സിലാക്കണം. വിശുദ്ധ വിളികൊണ്ട് വിളിക്കപ്പെട്ടവരായ ദൈവമക്കൾ ആ വിളിയുടെ മാന്യത പാലിക്കണം എന്നു ചുരുക്കം. ആകയാൽ തുച്ഛീകരിക്കുന്നവൻ മനുഷ്യനെയല്ല തന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾക്കു തരുന്ന ദൈവത്തെ തുച്ഛീകരിക്കുന്നു അഥവാ ദൈവത്തിനെതിരെ പാപം ചെയ്യുന്നവൻ എന്നാണ് അപ്പൊസ്തലൻ സ്ഥാപിക്കുന്നത്. പരിശുദ്ധാത്മാവിനെ നമുക്കു നൽകിയതു തന്നെ നാം വിശുദ്ധിയിൽ ജീവിക്കേണ്ടതിനാണ്. അതിനെ നിരാകരിക്കുക എന്നു പറയുമ്പോൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചുകൊണ്ടും സ്വന്ത മോഹങ്ങൾ സാധിപ്പിക്കുവാൻ ഉത്സാഹിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തെ പരിഹസിക്കുന്നതിന് തുല്യമായിട്ടാണ് ഇക്കാര്യം ആയിരിക്കുന്നത്. കർത്താവ് പ്രതികാരം ചെയ്യുന്നത് അതുകൊണ്ടാണ്. ദൈവത്തിന്റെ ന്യായവിധിക്ക് അങ്ങനെയുള്ളവർ സർവ്വദാ യോഗ്യതയുള്ളവർ ആണെന്ന് മാത്രമല്ല ആ ന്യായവിധിയിൽ നിന്നും ഒഴിഞ്ഞു പോകാൻ സാധിക്കാതവണ്ണം എന്ന് ഈ ഭാഗം തെളിയിക്കുന്നുമുണ്ട്. ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ശുദ്ധീകരണമാണ് എന്നു പറയുന്നതിന്റെ ഗൗരവം എത്ര ഭയത്തോടും വിറയലോടും കൂടെ നാം പാലിക്കണം എന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ ഇഷ്ടത്തിലുള്ള ഒരു വിശുദ്ധജീവിതം ദൈവത്തിന് പ്രസാദകരമായ നിലയിൽ ജീവിച്ച് അവന് പ്രയോജനമുള്ള മാനപാത്രങ്ങളായി നമുക്ക് ജീവിക്കാം. കർത്താവ് നമ്മെ സഹായിക്കട്ടെ.

**7. സാമ്പത്തിക കാര്യങ്ങളിലെ കെടുകാര്യസ്ഥത**

കുടുംബത്തിൽ കൂട്ടുത്തരവാദിത്തമാണ്. പരസ്പരം അറിഞ്ഞും ആലോചിച്ചും ആസൂത്രണം ചെയ്തും വരവുചെലവു കാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്. ആവശ്യം, അത്യാവശ്യം, ആഡംബരം, ധൂർത്ത് ഇവ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയണം. കുടുംബ ബഡ്ജറ്റ് തിരിച്ചറിയണം. കുടുംബബഡ്ജറ്റ് ആവശ്യമായ കാര്യമാണ്. അന്ധമായ അനുകരണത്തിനും വീണ്ടുവിചാരമില്ലാത്ത പൊങ്ങച്ചത്തിനും മുതിരരുത്. അത് കടക്കെണിയിലും നഷ്ടപ്പെടലിനും കാരണമാകും. ഇന്ന് മിക്കവാറും ഭാര്യയ്ക്കും ഭർത്താവിനും ജോലിയുള്ളതുകൊണ്ട് ഒരു പേഴ്സ് എന്നത് മാറിയിട്ടുണ്ട്. പക്ഷേ കെട്ടുറപ്പും ഭിന്നതയില്ലായ്മയും അനാവശ്യചെലവും ഒഴിവാക്കാൻ രണ്ടു പേരുടെയും പേഴ്സ് ഒന്നാക്കി വിവേകപൂർവ്വം സാമ്പത്തിക ഇടപാടുകളെ ക്രമീകരിക്കണം. ഇല്ലെങ്കിൽ പരസ്പര ബന്ധത്തിന്റെ തകർച്ചയ്ക്ക് അത് കരണമാകും. "ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ" എന്ന ദൈവവചനം കുടുംബത്തിൽ പാലിക്കപ്പെടണം. ആവശ്യത്തിൽ ഇരിക്കുന്ന സമശിഷ്ടങ്ങൾക്ക് നന്മചെയ്യാനും കൂട്ടായ്മ കാണിക്കാനും മറക്കരുത്. ദൈവം തരുന്ന ഭൗമികനന്മയുടെ ഓഹരി ദൈവത്തിന് കൊടുക്കുന്നതിൽ നിഷ്ഠയുണ്ടായിരിക്കണം. മറ്റുള്ളവരെ കരുതാനും സ്നേഹിക്കാനും കഴിയണം. ഈ സത്യം തലമുറയെ അഭ്യസിപ്പിക്കുകയും വേണം. അങ്ങനെ ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു കുടുംബമായിരിക്കണം നമ്മുടെ ഭവനം.

അനുഗൃഹീതമായ, മറ്റുള്ളവർക്ക് മാതൃകാപരമായ ഒരു കുടുംബജീവിതം കാഴ്ചവയ്ക്കുവാൻ യോശുവയോട് ചേർന്ന് നമുക്ക് ഇങ്ങനെ പറയാം: "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" (യോശു. 24:15).

[അവസാനിച്ചു]

# മഹത്വത്തിൽ



**കോട്ടയം:** ളാക്കാട്ടൂർ ബ്രദറൺ അസംബ്ലി അംഗമായിരുന്ന പുല്ലാട്ട് ഒഴുകയിൽ പരേതനായ തൊമ്മന്റെ സഹധർമ്മിണി **റാഹേൽ (90)** മെയ് 12-ന് മഹത്വത്തിലേക്ക് പ്രവേശിച്ചു. മെയ് 13-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**കൊല്ലം:** എബനേസർ ബ്രദറൺ അസംബ്ലി അംഗം **കെ.വി. ഈപ്പൻ** മെയ് 6-ന് താൻ പ്രത്യാശ വച്ചിരുന്ന കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മെയ് 8-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.



**ചങ്ങനാശ്ശേരി:** ചെത്തിപ്പുഴ കോയിപ്പുറം പരേതനായ തോമസിന്റെ മകൻ ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗമായിരുന്ന **കെ. റ്റി. വർഗീസ് (സാബു - 47)** മെയ് 10-ന് പ്രത്യാശാതീരത്തേക്ക് മാറ്റപ്പെട്ടു. സഭയുടെ ചുമതലയിൽ മെയ് 12-ന് പാക്കിൽ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

"കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു."

*വെളിപ്പാട് 14:13*

# ബൈബിൾ ക്വിസ് -104

## (സങ്കീർത്തനങ്ങൾ)

1. ആരുടെ പ്രത്യാശയ്ക്കാണ് എന്നും ഭംഗം വരാത്തത്?
2. ആരെ കൈക്കൊള്ളുന്നവരുടെ വേദനകളാണ് വർദ്ധിക്കുന്നത്?
3. നിന്റെ കൈയ്യിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു എന്നു പാടിയതാര്?
4. കൃപാലുവായി ദാനം ചെയ്യുന്നതാര്?
5. പ്രതിക്രിയ കണ്ട് ആനന്ദിക്കുന്നതാര്?
6. "ഞാൻ കിടന്നുറങ്ങി; യഹോവ എന്നെ താങ്ങുകയാൽ ഉണർന്നുമിരിക്കുന്നു" എന്നു പറഞ്ഞതാര്?
7. ശാശ്വത പർവ്വതങ്ങളെക്കാൾ തേജസ്സും മഹിമയുള്ളവനുമാര്?
8. പ്രകാശം ഉദിക്കുന്നതാർക്ക്?
9. എന്നേക്കും ഓർമ്മയിൽ ഇരിക്കുന്നതാര്?
10. തന്റെ കൈകളെ മലർത്തുന്നത് സന്ധ്യായാഗമായി തീരട്ടെ എന്നു പറഞ്ഞതാര്?

*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

**ബൈബിൾ ക്വിസ് 101 - ശരിയുത്തരങ്ങൾ**

1. ദാവീദ് (7:10) 2. മൂഢൻ (14:1) 3. ദാവീദ് (26:12) 4. സൗമ്യതയുള്ളവർ (37:11) 5. ദാവീദ് (52:8) 6. (2:4) 7. ദാവീദ് (71:7) 8. നീതിമാൻ (92:18) 9. ഉയർന്ന മലകൾ (104:18) 10. പാറകൾ (104:18)

വിചിന്തനം

ഡേവിഡ് പി. ഐസക്, രാജ്കോട്ട്

# ഫീനെഹാസിന്റെ കയ്യിലെ കുന്തവും യേശുവിന്റെ ചമ്മട്ടിയും

(സംഖ്യ 25:7-8; യോഹ. 2:15)

**മോ**വാബ്യ സമഭൂമിയിൽ യിസ്രായേലിന്റെ പാളയത്തിൽ ശോചനീയമായ ഒരു കാഴ്ച നമുക്ക് സംഖ്യാപുസ്തകം ഇരുപത്തിയഞ്ചിൽ കാണാം. ഇതാ തനിച്ചു പാർക്കുന്ന ജനം.... ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നില്ല (സംഖ്യ. 23:9). ദൈവശ്ലാഘനീയമായ പ്രസ്താവനയുടെ മുമ്പിൽ മൂക്കുപൊത്തി നിൽക്കേണ്ട സ്ഥിതിവിശേഷത്തിൽ എത്തിച്ചേർന്നിരിക്കുന്നു യിസ്രായേൽ. ഇവിടെ ദൈവഭയമില്ലാത്ത മനുഷ്യരും, അവരുടെ വഴികളും .... തുടക്കം എത്രയോ നല്ലതായിരുന്നു. ആരംഭത്തെക്കാൾ അവസാനം നന്നായിരിക്കണം. പെട്ടെന്ന് ഓർമ്മയിൽ വരുന്നത് 2 കൊരി. 12-ാം അധ്യായത്തിന്റെ ആദ്യഭാഗം വായിക്കുന്ന ഒരു പഠിതാവിന് മൂന്നാം സ്വർഗ്ഗ അനുഭവമാണ്. എന്നാൽ അതിന്റെ അവസാനഭാഗം എത്ര ലജ്ജാകരമായ സംഗതികൾ വെളിപ്പെടുത്തി തരുന്നു. ഇതിൽ എന്തല്ലാം കാണണം, എന്തെല്ലാം കേൾക്കണം. ഇന്നത്തെ ആത്മീയഗോളത്തിലും ഇതു തന്നെ. പടലപ്പിണക്കം, ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി, കുശുകുശുപ്പ്, നിഗളം, കലഹം, അശുദ്ധി, ദുർന്നടപ്പ്, ദുഷ്കാമം എന്നിവ മാത്രമല്ല, മാനസാന്തരപ്പെടാത്ത ചില അതിഭക്തന്മാരേക്കൊണ്ടും കൊരിന്ത് നിറഞ്ഞിരിക്കുന്നു.

അപ്രകാരം തന്നെ ശിലാഗ്രങ്ങളിൽ നിന്നും ബിലെയാം കണ്ട ദർശനവും മോവാബ് സമഭൂമിയിലെ യിസ്രായേലും തമ്മിൽ എന്തൊരു വ്യത്യാസം. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ വേർപാടു പാലിച്ചു ജീവിച്ചവർ, ജാതികളുമായി ബന്ധപ്പെട്ടു ദൈവദൃഷ്ടിയിൽ കുറ്റക്കാരായി തീർന്നിരിക്കുന്നു. ഏതെല്ലാം കാര്യത്തിൽ? ജാതികളുമായി ബന്ധപ്പെട്ട്, ദുർന്നടപ്പ്, ദുഷ്കാമം, അശുദ്ധി ഇവയിലൂടെ ദൈവകോപത്തിനു ഇരയായി. ദൈവദാസന്മാരും വിശ്വാസികളും അവരുടെ മക്കളും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു ജീവിക്കുന്നു, നടക്കുന്നു, ചെയ്യുന്നു. അവ നമ്മിൽ തുടങ്ങിയാലോ?

ഒരിടത്ത് ഒരു വിശ്വാസി യുവാവ് ഒരു കത്തോലിക്കാപെണ്ണിനെ സ്നേഹിച്ചു. വിവാഹം കഴിക്കുവാൻ തീരുമാനിച്ചു പെൺവീട്ടിൽ ചെന്നു. കാര്യങ്ങൾ സംസാരിച്ച കൂട്ടത്തിൽ പെൺകൂട്ടർ പറഞ്ഞു, ഞങ്ങൾ കത്തോലിക്കരാ, പള്ളിയിൽ വന്ന് വേദക്രമം പഠിച്ച്, മാമോദീസാ മുങ്ങി കത്തോലിക്കായിൽ ചേർന്നാൽ പെണ്ണിനെ വിവാഹം കഴിപ്പിച്ചു തരാം. എന്ത് ചെയ്യാം "തരസാ ചെന്നൊരു വലയിൽ ചാടി, കരവും കാലും അനക്കാൻ മേലാ, പരവശൻ അപ്പോൾ മ്യാവൂ, മ്യാവൂ..." നോക്കണേ നെറ്റിൽ വീണു. ഇന്നത്തെ നെറ്റ് വർക്ക് എത്രയോ പേർക്ക് ശല്യം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. നാം സത്യം വില്ക്കുകയല്ല, സത്യം വാങ്ങുകയത്രെ വേണ്ടത് (സദൃ. 23:23). ഒരു സാക്ഷാൽ യിസ്രായേല്യൻ സഭയിലേക്ക് ഒരു മിദ്യാന്യ സ്ത്രീയുമായി വന്നു. നോക്കുക ദുർന്നടപ്പിന്റെ കവിച്ചിൽ. കലാലയങ്ങളിൽ തുടങ്ങി, ജോലിസ്ഥലത്തു കൂടി കയറി ഇറങ്ങി, വാഹനത്തിൽ യാത്രചെയ്ത് ലജ്ജകൂടാതെ വീട്ടിലേക്കും പിന്നെ പാട്ടും പ്രാർത്ഥനയുമാകുന്ന മുഖംമൂടി ഇട്ടുകൊണ്ട് സഭയിലേക്കും....!

ഇതുകണ്ട അഹരോന്റെ (പുരോഹിതൻ) കൊച്ചുമകൻ ഫീനെഹാസ് സഭയുടെ മധ്യേ നിന്നു എഴുന്നേറ്റു കൈയ്യിൽ കുന്തം എടുത്ത് യിസ്രായേല്യനും സ്ത്രീക്കും ഒരു പോലെ ശിക്ഷ നടത്തി. സ്ത്രീയുടെ ഉദരം തുളയും വണ്ണം കുത്തി ദൈവകോപത്തെ ശമിപ്പിച്ചു. നോക്കുക ഫീനെഹാസ് ദുർന്നടപ്പിനു തീക്ഷ്ണതയേറിയ ശിക്ഷ നൽകി. ഫീനെഹാസിൽ തീക്ഷ്ണതയുള്ള കർത്താവിന്റെ ആത്മാവിനെ കാണാം.

**വേർപാടു പാലിച്ചു ജീവിച്ചവർ, ജാതികളുമായി ബന്ധപ്പെട്ടു ദൈവദൃഷ്ടിയിൽ കുറ്റക്കാരായി തീർന്നിരിക്കുന്നു.**

**ഒരു വിശ്വാസി സൂക്ഷിക്കേണ്ട കാര്യം**

1. പാപത്തോട് കളിക്കുന്നത് സൂക്ഷിച്ചു വേണം. എബ്രാ. 3:13. കാരണം പാപം ഒരു ചതിയാണ്. റോമർ 7:11 പാപം അവസരം ഉണ്ടാക്കി ചതിക്കുകയും കൊല്ലുകയും ചെയ്യും.

2. പാപത്തെ ശിക്ഷിക്കുന്നില്ലെങ്കിൽ സഭയെ മൊത്തത്തിൽ വ്യാപിക്കും, നാറുമാറാക്കും എന്ന് സംഖ്യ 25 മുന്നറിയിപ്പു നൽകുന്നു.

3. സ്വന്തം മക്കളായാലും അന്യരുടെ ആയാലും ഗൗരവമായ ശിക്ഷ കൊടുക്കണം.

4. സഭയിൽ ശിക്ഷണം ദൈവവചനപ്രകാരം നടക്കട്ടെ. ദൈവം ഫീനെഹാസിലൂടെ ന്യായവിധി നടത്തി, സഭയെ രക്ഷിച്ചു, ശുദ്ധീകരിച്ചു. ദൈവനാമമഹത്വം വെളിപ്പെടുത്തി.

**യേശുവിന്റെ കൈകളിലെ ചമ്മട്ടിയെക്കുറിച്ച് ചിന്തിക്കാം**

യോഹ. 2 ലെ കല്യാണവീട്ടിൽ തന്റെ കരുണ പ്രദർശിപ്പിച്ച ശേഷം യെരുശലേം ദേവാലയത്തിലേക്ക് യേശു യാത്ര തിരിച്ചു. ഒരു വീടിന്റെ ആവശ്യത്തിൽ കരുണ കാണിച്ച കർത്താവ് തന്റെ ന്യായവിധിയുടെ കരം നീട്ടുന്ന സന്ദർഭം അത്രെ ദേവാലയത്തിൽ കാണുന്നത്.

ലോകത്തിന്റെ നാനാഭാഗത്തുള്ള യഹൂദന്മാർ യെരുശലേം ദേവാലയത്തിൽ ഒന്നിച്ചു കൂടിവരുന്നത് വർഷത്തിൽ 3 പ്രാവശ്യമാണ്. ഈ ഉത്സവത്തിൽ യേശു യെരുശലേം ദേവാലയ കവാടത്തിങ്കൽ കണ്ടത് മൃഗങ്ങൾ, പക്ഷികൾ, ആടുകൾ, കാളകൾ എന്നിവ കച്ചവടചരക്കുകളായി കൊണ്ടുവന്നിരിക്കുന്നു. കൂടാതെ പൊൻവാണിഭക്കാരേയും കാണാം. പെരുന്നാളിനു വരുന്ന പ്രായപൂർത്തിയായ ഓരോ യഹൂദനും വീണ്ടെടുപ്പു വിലയായ അരശേക്കേൽ (പുറ. 30:13, മത്താ. 17:34) അർപ്പിക്കണം. അതും യഹൂദന്റെ നാണയത്തിൽ, അതിനു ഈ ദേവാ

☞

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**പോത്തുകെട്ടി (വയനാട്):** ദൈവത്തിന്റെ അളവറ്റ കൃപയാൽ പോത്തുകെട്ടി ബ്രദറൺ സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടന്നു വരുന്നു. കഴിഞ്ഞ ഫെബ്രുവരി മാസം 19-20 തീയതികളിൽ സഭയുടെ ചുമതലയിൽ കൺവൻഷൻ നടന്നു. കർത്തൃദാസന്മാരായ ജോൺസൺ കുളങ്ങര, റിജോയ് തുടിയൻ, ഗോഡസൻ വാലയിൽ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. കൊച്ചിൻ കാൽവറി വോയ്സ് ഗാനങ്ങൾ ആലപിക്കുകയും ബിജോയ് തുടിയൻ, ബിജു കണ്ണൻ, ഷാജി പൊള്ളാച്ചി തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്തു. വേദനാദം ട്രെയിനിംഗ് സെന്ററിലെ അധ്യാപകരും വിദ്യാർത്ഥികളും ആ ദിവസങ്ങളിൽ ഇവിടെ താമസിച്ച് പരസ്യയോഗങ്ങൾ, ഫിലിം പ്രദർശനങ്ങൾ ബുക്ക്ലെറ്റുകൾ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു. ഇവിടെയുള്ള പ്രവർത്തനങ്ങളെയും സഭയെയും ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

*പി.വൈ. കുഞ്ഞുമോൻ, ഗണേഷ് കുമാർ*

## സുവിശേഷകന്മാരുടെ പ്രാർത്ഥന

**കൊട്ടാരക്കര:** സുവിശേഷകന്മാരുടെ അടുത്ത പ്രാർത്ഥനായോഗം ജൂൺ 7 ചൊവ്വ രാവിലെ 10 മുതൽ തുമ്പമൺ ബ്രദറൺ അസംബ്ലിഹാളിൽ വച്ചു നടക്കുന്നു. കുളനട-ഇലവുംതിട്ട റൂട്ടിൽ പണിയിൽ വഴി പടവെട്ടുകുളഞ്ഞി മർത്തോമാ പള്ളിക്കു സമീപം. വാഹനമില്ലാത്തവർക്കുവേണ്ടി കുളനട നിന്നും രാവിലെ 9.15 മുതൽ 9.30 വരെ ജീപ്പ് ക്രമീകരിക്കുന്നതാണ്.

*സാം സഖറിയ (9447402139)*

## പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടിലുമുള്ള സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം മെയ് 28-ന് സീതത്തോട് ബ്രദറൺ സഭാഹാളിൽ രാവിലെ 10-നു നടക്കുന്നു. പ്രസ്തുത യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യുക.

*എ.എം. തോമസ് മൈലപ്രാ, റ്റി.ജി. മാത്യൂ കോന്നി*

## സുവിശേഷ യോഗങ്ങളും സ്നാനശുശ്രൂഷയും

**തെങ്കാശി:** തിരുനൽവേലി ഡിസ്ട്രിക്ടിൽ തെങ്കാശിയിൽ അച്ചൻപട്ടി എന്ന ഗ്രാമത്തിലെ സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടന്നു വരുന്നു. 2016 മാർച്ച് മാസം 24,25,26 എന്നീ തീയതികളിൽ സുവിശേഷ യോഗങ്ങളും സ്നാന ശുശ്രൂഷയും നടന്നു. ഏഴു പേർ സ്നാനപ്പെട്ടു. അച്ചൻപെട്ടിയുടെ അയൽസഭകളിലെ വിശ്വാസികളും, മൂപ്പന്മാരും, സുവിശേഷകന്മാരും വന്നു സഹകരിച്ചു. കേരളത്തിൽ നിന്നും സുവിശേഷകന്മാരായ പി. വി. ബഞ്ചമിൻ, സാം മനോഹർ, ജെ. ബാബു, റ്റി.സി. റോയി, പി.ജെ. പീറ്റർ എന്നിവർ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. സഭയെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക.

*മൈക്കിൾ ജി.*

## രാത്രിയോഗങ്ങളും സംഗീത വിരുന്നും

**ദേവികുളം (ഇടുക്കി):** ദേവികുളം സഭയുടെ ചുമതലയിലും, ഫെയ്ത് ഗോസ്പൽ മിനിസ്ട്രിയുടെ സഹകരണത്തിലും ഏപ്രിൽ 15,16 തീയതികളിൽ ഫിലിം പ്രദർശനവും സംഗീതവിരുന്നും രാത്രിയോഗവും നടന്നു. ദൈവവചനത്തിൽ നിന്നും സുവിശേഷകൻ കെ.വി. തോമസ് (കാനം) സംസാരിച്ചു. ദേവികുളം സഭയുടെ ചുമതലയിൽ ഈ അവധിക്കാലത്ത് നാലു വി.ബി.എസ്.കൾ നടത്തുവാൻ ആഗ്രഹിക്കുന്നു. ഇവിടുത്തെ പ്രവർത്തനത്തെ ദൈവമക്കൾ പ്രാർത്ഥനയിൽ ഓർക്കേണമേ.

*സുരേഷ് എസ്. പീറ്റർ, സെൽവം, സി. ജേസുദോസ്*

ലയ മുൻവശത്ത് കച്ചവടം നടത്തുന്നവരിൽ നിന്നും ഈ നാണയം വാങ്ങിവന്നത്.

ഇവിടെ ചിന്തനീയമായ വിഷയം ദൈവത്തിനു പ്രതിഷ്ഠിക്കേണ്ട സ്ഥലം കാളയ്ക്കും ആടിനും പക്ഷിക്കും പണത്തിനുമായി വേർതിരിച്ചിരിക്കുന്നു. കാള സാമാന്യം നല്ല മൃഗമാണെങ്കിലും ആളുകൾ അടുത്തു വന്നാൽ കുത്തിമുറിവേൽപ്പിക്കും. ചിലപ്പോൾ മറ്റുള്ളവരെ കുത്താൻ ഓടിക്കും. ആരേയും അത്ര എളുപ്പത്തിൽ അടുപ്പിക്കില്ല. ഇണക്കമോ മെരുക്കമോ ആയ നല്ല ഗുണങ്ങൾ പ്രദർശിപ്പിക്കാറില്ല. ഇത്തരം കാളകൾക്ക് നമ്മുടെ ഹൃദയത്തിൽ സ്ഥാനം കൊടുത്തിട്ടില്ലായിരിക്കാം. പക്ഷേ നാം അറിയാതെ അവയുടെ സ്വഭാവം വ്യക്തിജീവിതത്തിൽ കടന്നു ചില്ലറ ദോഷം ചെയ്യാറില്ലേ? അടുത്തിരുന്ന് അപ്പം മുറിക്കുന്നവരോടു വേണ്ടത്ര സ്നേഹമോ, പരിഗണനയോ കാണിക്കാറുണ്ടോ? കുത്തി മുറിവേൽപ്പിക്കുന്നതും, വേദനിപ്പിക്കുന്നതുമായ സ്വഭാവം ഒന്നു നിർത്തിക്കൂടെ. ചമ്മട്ടി എടുത്ത് പ്രഹരം നടത്തേണ്ടതായ സമയം അതിക്രമിച്ചോ എന്നു ചിന്തിച്ചു പോകുകയാണ്. ആകയാൽ ശമുവേൽ ചോദിക്കുന്നു എന്റെ ചെവിയിൽ കേൾക്കുന്ന ആടുകളുടെയും കാളകളുടെയും കരച്ചിലും മുക്കുറയും എന്ത്? 1 ശമു. 15:14,15. ആകയാൽ ദഹിപ്പിക്കേണ്ടതിനെ ദഹിപ്പിച്ചു നശിപ്പിക്കേണ്ടതിനെ നശിപ്പിച്ചിട്ടു നമുക്ക് ദേവാലയത്തിലേക്ക് പോയാൽ പോരേ?

യേശു രണ്ടാമതായി കണ്ടത് ആടിനെ വിൽക്കുന്നവരെയാണ്. കാള പോലെ ഉപദ്രവം ഉള്ളതല്ലെങ്കിലും ആരേയും ആക്രമിക്കുകയില്ലെങ്കിലും ചില ന്യൂനതകൾ ആടിലുമുണ്ട്. ആട് പോകുന്ന വഴിയിൽ കണ്ണിൽ പെടുന്ന സകല ചെടികളും അതിന് ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും കടിച്ചു നോക്കും. ചെടിയുടെ തളിരും കൂമ്പും കടിച്ചെടുത്ത ശേഷം അടുത്ത ചെടിയിലേക്കു പോകും. പോകുന്ന വഴിയിൽ എല്ലാ ചെടികളുടെയും നാമ്പ് കണ്ടില്ലെന്നു വരാം. പിന്നെ ഈ ചെടി വളരാൻ പ്രയാസമാണെന്നു മാത്രമല്ല, മുരടിച്ചു പോകുകയും ചിലപ്പോൾ ഇല്ലാതാകുകയും ചെയ്യും. നമ്മിൽ ഈ ആടിന്റെ സ്വഭാവം ഇല്ലെന്ന് ആർക്കെങ്കിലും തറപ്പിച്ചു പറയാൻ സാധിക്കുമോ? അനാവശ്യമായി അന്യരുടെ കാര്യത്തിൽ ഇടപെട്ട്, എഴുതിയും ഫോൺ വിളിച്ചും തമ്മിലടിച്ചും മറ്റുള്ളവരുടെ സുഖജീവിതത്തിനു കോട്ടം വരുത്തിയിട്ടില്ലേ? തെറ്റായ കാര്യങ്ങൾ പറഞ്ഞ് മറ്റുള്ളവരെ വഴി തെറ്റിച്ചിട്ടില്ലേ? മറ്റുള്ളവന്റെ കൂട്ടായ്മ തടഞ്ഞിട്ടില്ലേ, വളരാനും ഉയരാനും സാധിക്കാതെ വഴിമുട്ടിച്ചിട്ടില്ലേ? പ്രിയരേ നാമും നമ്മുടെ ഹൃദയത്തിൽ ആടിനും വില്പനയ്ക്കും സ്ഥാനം കൊടുത്തിരിക്കുന്നു സംശയമില്ല.

മൂന്നാമതായി യേശു യെരുശലേം ദേവാലയത്തിൽ പ്രാവിനെ വിൽക്കുന്നതായി കണ്ടു. വളരെ ആദരിക്കപ്പെടുന്ന പക്ഷി. സമാധാനത്തിന്റെയും പരിശുദ്ധാത്മാവിന്റെയും പ്രതിരൂപം. ഇതെല്ലാം നല്ലതാണെങ്കിലും ഒരു പോരായ്മ ഉണ്ട്. സാധാരണയായി മരക്കൊമ്പ് കെട്ടിടത്തിന്റെ ഭിത്തികൾ ഇവയാണ് താമസസ്ഥലം. അവിടിരുന്ന് താഴെ കൂടെ പോകുന്നവരുടെ തലയിലും വസ്ത്രത്തിലും കാഷ്ഠിച്ചിടുന്ന പ്രകൃതി. മറ്റുള്ളവർക്ക് കോപം ഉണ്ടാക്കുന്നതാണെങ്കിലും ശാരീരിക നിയന്ത്രണം അല്പം കുറവായതു കൊണ്ട് അറിയാതെ ചെയ്ത് പോയെന്ന് വരാം. ഈ പ്രാവിനെപ്പോലെ കളങ്കമറ്റവരായി ജീവിക്കുന്നവർ എന്നു തോന്നിയാലും അത് വിശ്വാസിയോ മൂപ്പനോ സുവിശേഷകനോ ആരും ആയിക്കൊള്ളട്ടെ മറ്റുള്ളവരുടെ അഭിമാനത്തിനും അന്തസ്സിനും നല്ല പേരിനും കളങ്കം ചാർത്താൻ യാതൊരു മടിയും ഇക്കൂട്ടർക്കില്ല. മറ്റുള്ളവർക്കു നേരെ ചെളി വാരി എറിയാനും മോശമായി കുറ്റപ്പെടുത്താനും തരം താഴ്ത്തുവാനും ശ്രമിക്കാതിരുന്നാൽ കൊള്ളാമായിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ പൗലോസ് പറയുന്ന പോലെ "വെള്ളതേച്ച ചുവരേ, സകലകപടവും, സകലധൂർത്തും നിറഞ്ഞവനേ, പിശാചിന്റെ മകനേ, സർവ്വനീതിയുടെയും ശത്രുവേ കർത്താവിന്റെ നേർവഴികളെ മറിച്ചുകളയുന്നത് നീ മതിയാക്കുകയില്ലയോ? ഇപ്പോൾ കർത്താവിന്റെ കൈ നിന്റെ മേൽ വീഴും" (പ്രവൃ. 13:10,11). ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം. ഹേരോദാവ് ദൈവത്തിന് മഹത്വം കൊടുക്കാഞ്ഞതു കൊണ്ട് ദൂതൻ അടിച്ചു കൃമിക്ക് ഇരയായി പോയി (പ്രവൃ. 12:23). ആകയാൽ ക്രിസ്തുവിന്റെ ദാസനായ പൗലോസ് പറയുന്നതുപോലെ നാം ജീവനുള്ള ക്രിസ്തുവിന്റെ ആലയങ്ങൾ അത്രെ.

**അനാവശ്യമായി അന്യരുടെ കാര്യത്തിൽ ഇടപെട്ട്, എഴുതിയും ഫോൺ വിളിച്ചും തമ്മിലടിച്ചും മറ്റുള്ളവരുടെ സുഖജീവിതത്തിനു കോട്ടം വരുത്തിയിട്ടില്ലേ?**

ആയതിനാൽ ഈ ദേവാലയത്തിനു നിരക്കാത്തതും, വിശ്വാസിക്കു ചേരാത്തതുമായ വിവിധ കച്ചവടങ്ങൾ അവസാനിപ്പിച്ച് ദൈവമഹത്വം ലക്ഷ്യമാക്കി ജീവിക്കാം. യേശു ദേവാലയത്തിലെ കച്ചവടവസ്തുക്കളെയും കച്ചവടക്കാരേയും ചമ്മട്ടി പ്രഹരം നടത്തി ക്ലീൻ ആക്കിയ ശേഷം ഇങ്ങനെ പറഞ്ഞു "എന്റെ ആലയം പ്രാർത്ഥനാലയം, നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തു. ആകയാൽ ഫീനെഹാസിന്റെ കയ്യിലെ കുന്തവും യേശുവിന്റെ ചമ്മട്ടിയും നമുക്ക് ചില ബുദ്ധി ഉപദേശപാഠങ്ങൾ ആയിരിക്കട്ടെ. ●

**അറിയിപ്പ്**

നിങ്ങളുടെ വിലാസത്തിനു മുകളിൽ കൊടുത്തിരിക്കുന്ന രജിസ്റ്റർ നമ്പർ എല്ലാ കത്തിടപാടുകളിലും രേഖപ്പെടുത്തുക. വരിസംഖ്യയോ സംഭാവനയോ നേരിട്ട് ബാങ്കിൽ നിക്ഷേപിക്കുകയോ മണി ഓർഡറായി അയക്കുകയോ ചെയ്യുന്നവർ വിശദവിവരം മാനേജിംഗ് എഡിറ്ററെ ഫോണിലൂടെയോ കത്തിലൂടെയോ അറിയിക്കേണ്ടതാണ്. സഹകരണങ്ങൾക്കു നന്ദി.

*മാനേജിംഗ് എഡിറ്റർ (9605001818)*

ചിന്ത T.V.S.

## നന്മ ചെയ്‌വാൻ അറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ (യാക്കോ. 4:17)

**പ**ലപ്പോഴും നന്മ ചെയ്‌വാൻ ചില മുഖാന്തരങ്ങളെ ദൈവം നമ്മുടെ മുമ്പിൽ കൊണ്ടുവന്ന് നിറുത്തും. പക്ഷെ നാം അതിനെ ദൈവം തരുന്ന അനർഘ നിമിഷങ്ങളാണെന്ന് ഓർക്കാറില്ല. ഒരു വ്യക്തിശരിയായ വിധത്തിലുള്ള ദൈവപൈതലാണെങ്കിൽ അവന്റെ ഉള്ളിലെ പരിശുദ്ധാത്മാവ് പറയും അത് നീ ചെയ്യേണ്ടതാണെന്ന്. ആ ശബ്ദം വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കും. പക്ഷെ ആ നന്മ ചെയ്യുവാൻ തുനിഞ്ഞാൽ നമ്മുടെ പോക്കറ്റിൽ നിന്ന് ചില നാണയത്തുട്ടുകൾ നഷ്ടമാകും. അതുകൊണ്ട് അത് ആരെങ്കിലും ചെയ്തുകൊള്ളട്ടെ എന്ന് മനസ്സ് മന്ത്രിച്ച് നന്മ ചെയ്യാതെ കടന്നുപോയിയെന്നു വരാം. യെരുശലേമിൽ നിന്ന് യെരിഹോവിലേക്കുള്ള വഴിയിൽ അർദ്ധപ്രാണനായി കിടക്കുന്ന മനുഷ്യനെ കണ്ട് കടന്നു പോയ ലേവ്യനെക്കാളും പുരോഹിതനെക്കാളും നമുക്ക് എന്ത് വിശേഷതയാണ് ഉള്ളത്.

ഒരു ദിവസം അർദ്ധരാത്രിസമയം ഇംഗ്ലണ്ടിലെ ഒരു പാവപ്പെട്ട കുടുംബത്തിലെ ഒരു മനുഷ്യൻ ഒരു ഡോക്ടറെ അന്വേഷിച്ച് അദ്ദേഹത്തിന്റെ വീട്ടിൽ എത്തുന്നു. അയാളുടെ ഭാര്യയ്ക്ക് പ്രസവസമയം അടുത്തതിനാൽ എത്രയും വേഗം വന്ന് ഡോക്ടർ ഞങ്ങളെ സഹായിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഡോക്ടർ വന്ന് അദ്ദേഹത്തെ നോക്കി, അയാൾ ഒരു ദരിദ്രനാണെന്ന് മനസ്സിലാക്കി. തന്റെ സേവനത്തിനുള്ള ഫീസ് തരുന്നതിന് ഇയാളെ കൊണ്ട് സാധ്യമല്ല. പുറത്ത് കനത്ത മഞ്ഞ്. ഈ അർദ്ധരാത്രിയിൽ ഇയാളോടൊപ്പം പോകേണ്ടതില്ലായെന്നായിരുന്നു ഡോക്ടറുടെ മനസ്സിൽ പൊങ്ങിവന്ന ചിന്ത. എന്നാൽ കടന്നു വന്ന വ്യക്തിയുടെ ദയനീയ അവസ്ഥ കണ്ടപ്പോൾ ഡോക്ടറുടെ മനസ്സലിഞ്ഞു. കൂടെ പോകാൻ തീരുമാനിച്ചു. അവർ കൃത്യസമയത്ത് എത്തിയതുകൊണ്ട് അമ്മയും കുഞ്ഞും രക്ഷപ്പെട്ടു. ആ കുടുംബം ഡോക്ടർക്ക് വളരെ നന്ദി ചൊല്ലി പിരിഞ്ഞു.

**ഡോക്ടർ രക്ഷിച്ചത് ഇംഗ്ലണ്ടിന്റെ ഭാവി പ്രധാനമന്ത്രിയാകാൻ പോകുന്ന വ്യക്തിയെ ആയിരുന്നു എന്ന് അറിഞ്ഞപ്പോൾ ഡോക്ടർക്ക് വലിയ സന്തോഷം തോന്നി.**

വർഷങ്ങൾക്കു ശേഷം ആ കുഞ്ഞ് വളർന്ന് ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായി. ഡേവിഡ് ലോയിഡ് ജോർജ്ജാണ് ആ വ്യക്തി. ഡോക്ടർ രക്ഷിച്ചത് ഇംഗ്ലണ്ടിന്റെ ഭാവി പ്രധാനമന്ത്രിയാകാൻ പോകുന്ന വ്യക്തിയെ ആയിരുന്നു എന്ന് അറിഞ്ഞപ്പോൾ ഡോക്ടർക്ക് വലിയ സന്തോഷം തോന്നി.

പ്രിയ ദൈവമക്കളെ! നാം പലപ്പോഴും മടിച്ച് ദൈവിക കല്പന ലംഘിക്കുമ്പോൾ നാം ഒരു കാര്യം ഓർക്കുക, ദൈവരാജ്യത്തിൽ ദൈവതേജസ്സിൽ വിളങ്ങേണ്ട അനേകർ നരകത്തിന്റെ എരിയുന്ന തീക്കൊള്ളികളായി മാറി കൊണ്ടിരിക്കുന്നു എന്ന് നാം അറിയേണ്ടതാണ്. അന്ധകാരത്തിൽ ജീവിക്കുന്ന അവർ ഒരു പക്ഷേ നമ്മുടെ അയൽവാസികൾ ആകാം. നമ്മുടെ ബന്ധുമിത്രാദികൾ ആകാം, നം താമസിക്കുന്ന തെരുവിൽ വസിക്കുന്നവരാകാം. ഡോക്ടർ തക്കസമയത്ത് വന്ന് അമ്മയെയും കുഞ്ഞിനെയും രക്ഷിച്ചതുപോലെ സമയം തക്കത്തിൽ ഉപയോഗിച്ച് ചിലരെ നരകത്തിന്റെ വായിൽ നിന്ന് അഥവാ നിത്യമരണത്തിൽ നിന്ന് രക്ഷിപ്പാൻ ദൈവം തന്ന കൃപാവരം നാം ഉപയോഗിക്കാറുണ്ടോ? - സ്വാർത്ഥതയുടെ മുൾമുനയിൽ തന്നെയാണോ നാം ഇപ്പോഴും നിൽക്കുന്നത്. അത് അയോഗ്യമായ ഒരു സ്ഥാനമാണ്. കർത്താവിന്റെ അന്ത്യ അഭിലാഷം നമ്മിലൂടെ പൂർത്തീകരിക്കുവാൻ ദൈവം ഏവരേയും സഹായിക്കട്ടെ - മറക്കല്ലെ നന്മ ചെയ്യുവാൻ അല്പം ത്യാഗം സഹിച്ചാണെങ്കിലും. ●

**SUVISESHADHWANI**
Fortnightly
Vol. 38 Issue 21
Annual Subscription
India Rs. 200/-
USA/Canada US$ 100
Envelope Postage
Rs. 2500/-

Chief Editor:
**Saju P. Stephen**
Padinjattil Puthenpurayil,
Kakkoor P.O., Koothattukulam
Pin-686662, Mob:9747486981
sajupstephen@gmail.com

**Please send news and articles to:**
Associate Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Mob : 9495162788
samjichoonattu@gmail.com

**Send your drafts & money order to :**
Managing Editor
**Samson Samuel**
Sam's Cottage,Palace Square
Chottanikara P.O.,
Ernakulam - 682 312
Mob: 9605001818
samgen701@gmail.com

Circulation Manager:
**A.D. James**
Angamaly-683572
Mob: 9446814115
Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**REGISTERED**
***Reg. No. RN 29475/1978***
**Postal Reg. No. KL / ALY / 0076 / 2015-17**
**Licence No. KL/CR/ALU/WPP-08/2015-17**
**Licensed to Post Without Prepayment.**
**Date of Publishing : 21/ 05 / 2016**

***If not delivered, please return to :***
**Managing Editor,**
**SUVISESHADHWANI,**
Sam's Cottage, Palace Square
Chottanikara P.O.,
Ernakulam - 682 312.

Printed & Published by Saju P. Stephen on behalf of General Y.M.E.F. & Printed at Speck Offset Press, Eroor, Ekm. & Published at Padinjattil Puthenpurayil, Kakkoor, Ekm. Dist. Editor : Saju P. Stephen. Design: D'Club, Kallissery.